©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജനുവരി 12<br>12th January 2021<br>1196 ധനു 28<br>28th Dhanu 1196<br>1942 പൌഷം 22<br>22nd Pousha 1942 | നമ്പർ<br>No. 2 |

# PART III

# Forest Department

**മാനവശേഷി വികസന വിഭാഗം (ഫോറസ്റ്റ്)**
**തിരുവനന്തപുരം**

ദർഘാസ് പരസ്യം

നമ്പർ TRG1-1329/20. 2020 ഡിസംബർ 30.

വനം വകുപ്പിന്റെ വഴുതക്കാട് ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഫോറസ്റ്റ് സെൻട്രൽ ലൈബ്രറിയിലെ ബുക്കുകളും മറ്റ് വിലപ്പെട്ട രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി പരിചയ സമ്പന്നരായ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മാനവശേഷി വികസന വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ ദർഘാസുകൾ ക്ഷണിക്കുന്നു.

പദ്ധതിയുടെ പേര്—വനംവകുപ്പ് ആസ്ഥാനത്തെ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള റെക്കോർഡുകൾ/ബുക്കുകൾ/ഗസറ്റുകൾ/മറ്റ് രേഖകൾ.

നിരതദ്രവ്യം—₹ 41,750.

ടെണ്ടർ ഫോറത്തിന്റെ വില—₹ 2,500+ജി.എസ്.റ്റി.

ടെണ്ടർ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും—21-1-2021, 3 മണി.

ടെക്നിക്കൽ ബിഡ് തുറക്കുന്ന തീയതിയും സമയവും—3-2-2021, 11 മണി.

കരാർ കാലാവധി—1 വർഷം.

പദ്ധതിയുടെ വിശദ വിവരങ്ങൾ

1. Scanning, Indexing, Cataloging, Port folio, Hyper linking, Storing, Archiving of documents in digital form in a secured manner.
2. Hardware, System Software & other ICT infrastructure required for implementation of this project in secured manner.
3. Imparting of training to Kerala Forest Department Staff on scanning, indexing, Storing, Archiving, Retrieval and Printing Process.
4. Conversion of existing scanned Data/Images into searchable PDF and putting it into the application software, if any, provided.
5. Watermark in scanned documents.

താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ഓൺലൈൻ ദർഘാസുകൾ 13-1-2021 വൈകുന്നേരം 3 മണിക്ക് മുമ്പായി ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.forest.kerala gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസ് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ദർഘാസ് പ്രമാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദർഘാസുകൾ സ്വീകരിക്കുന്നതും നിരസിക്കുന്നതും സംബന്ധിച്ച എല്ലാ അധികാരങ്ങളും കേരള വനം വകുപ്പ് മാനവശേഷി വികസന വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററിൽ നിക്ഷിപ്തമാണ്.

ഡിജിറ്റലൈസ്ഡ് ചെയ്യേണ്ടതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഫോറസ്റ്റ് ലൈബ്രറിയിൽ സൂക്ഷ്മ പരിശോധനയ്ക്ക് ലഭ്യമാണ്. ഇതു സംബന്ധിച്ച എല്ലാ അന്വേഷണങ്ങൾക്കും apccfihrd@gmail.com. എന്ന മെയിൽ അഡ്രസ്സിലോ 0471-2362291 എന്ന ഫോൺ നമ്പരിലോ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ബന്ധപ്പെടേണ്ട വിലാസം

ഫോറസ്റ്റ് കൺസർവേറ്റർ (മാനവശേഷി വികസനം)
രാജീവ് ഗാന്ധി ഫോറസ്ട്രി ട്രെയിനിംഗ് കോംപ്ലക്സ്,
പി.റ്റി.പി. നഗർ, തിരുവനന്തപുരം-695 013,

No. TRG1-1329/2020. *30th December 2020.*

The Conservator of Forests (HRD) on behalf of the Governor of Kerala invites tenders from the experienced and reputed firms/organizations for Digitlization of Archival Documents in the Kerala Forest Department Library on Turnkey Basis.

Name of Project—Digitalization of rare Records/ Books/Gazettes/Documents/Manuscripts/Office Circulars in the Library on Turnkey basis.

EMD—₹ 41,750 (Online Payment).

Cost of Tender Documents—₹ 2,500 (Plus 18% GST) online payment.

Last date and time of submission—21-1-2021, 3 p.m.

Date and time of opening technical bid—3-2-2021, 11a.m.

Duration of the Contract—1 Year.

*Broad Scope of Work/Jobs to be performed are:*

1. Scanning, Indexing, Cataloging, Port folio, Hyper linking, Storing, Archiving of documents in digital form in a secured manner.
2. Hardware, System, Software & other ICT infrastructure required for implementation of this project in secured manner.
3. Imparting of training to Kerala Forest Department Staff on scanning, indexing, Storing, Archiving, Retrieval and Printing Process.
4. Conversion of existing scanned Data/Images into Searchable PDF and putting it into the application software, if any, provided.
5. Watermark in scanned documents.

Interested parties may submit their tender offer on or before 3 p.m. on 21-1-2021 on e-tendering website of Government of Kerala i.e.https://etenders.kerala.gov.in. The tender document and the terms and conditions are available on the website www.forest.kerala.gov.in. and Government tender portal. All other terms and conditions for submission of tender are contained in the Tender Document. If the last day for submission of bids or the day of opening of bids is declared as holiday, the date will be shifted to the next working day.

The Conservator of Forests (HRD), Kerala Forest Department, Govt. of Kerala reserves the right to accept or reject any or all bids without assigning any reason thereof.

The Documents to be digitlized are available in the Forest library for scrutiny. All queries shall be made on apccfihrd@gmail.com or in Phone No. 0471-2362291 from 10 am to 5 p.m. on all working days.

Address for Communications:
The Conservator of Forests (HRD)
O/o the Conservator of Forests.

Office of the Forest
Conservator, HRD, (Sd.)
Thiruvananthapuram. *Conservator of Forests (HRD).*

**തിരുവനന്തപുരം ഡിവിഷൻ**

ദർഘാസ്/ലേല പരസ്യം

നമ്പർ എ1-3805/2020. 2020 ഡിസംബർ 18.

തിരുവനന്തപുരം ഡിവിഷനിൽപ്പെട്ടതും താഴെ വിവരിക്കുന്നതുമായ കശുമാവ് തോട്ടങ്ങളിൽ നിന്നും നിലവിലുള്ള ദർഘാസ്/ലേല വ്യവസ്ഥകൾക്ക് വിധേയമായി 30-6-2021-ാം തീയതി വരെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റാഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ താഴെ പറയുന്ന സ്ഥലത്തും സമയത്തും പരസ്യമായി ലേലത്തിൽ വിൽക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽ നിന്ന് ലഭിക്കുന്നതായിരിക്കും. ലേലദിവസം രാവിലെ 10 മണിവരെ സീൽ ചെയ്ത കവറിലുള്ള ദർഘാസ് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തോട്ടത്തിന്റെ പേര്, വാഗ്ദാനം ചെയ്ത വില എന്നിവ ദർഘാസിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ലേലദിവസം പൊതു അവധിയായി

പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്. ആദ്യലേല ദിവസം എന്തെങ്കിലും കാരണത്താൽ ഏതെങ്കിലും തോട്ടത്തിന്റെ ലേലം നടക്കാതിരിക്കുകയോ ലേലംവിളി കൊള്ളാൻ ആരും തയ്യാറാകാതെ വരുകയോ ലേലം റദ്ദാക്കുകയോ അഥവാ പുതിയ തോട്ടങ്ങൾ ഉൾക്കൊള്ളിക്കേണ്ടിവരികയോ ചെയ്താൽ അപ്രകാരമുള്ള തോട്ടങ്ങൾ താഴെ പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത ലേലദിവസങ്ങളിൽ അതേ സമയത്ത് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റാഫീസിൽവെച്ച് ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലം കഴിഞ്ഞയുടൻ അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതും ദർഘാസ്/ലേല നിബന്ധനപ്രകാരമുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്.

നിരതദ്രവ്യം—ഓരോ തോട്ടത്തിനും ₹ 2,000 വീതം.

ദർഘാസ് ഫോറത്തിന്റെ വില—₹ 300 + ജി.എസ്.റ്റി.+ ഫ്ളഡ് സെസ്സ് (ഓരോ തോട്ടത്തിനും പ്രത്യേകം).

ലേലത്തീയതിയും സമയവും—18-1-2021 രാവിലെ 11 മണി.

അന്നേദിവസം ലേലം നടക്കാത്ത തോട്ടങ്ങൾ 22-1-2021, രാവിലെ 11 മണിക്കും ലേലം നടക്കാത്ത തോട്ടങ്ങൾ 28-1-2021 രാവിലെ 11 മണി.

ലേലസ്ഥലം—ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, വഴുതയ്ക്കാട്, തിരുവനന്തപുരം.

കാലാവധി—ഉടമ്പടി തീയതി മുതൽ 30-6-2021 വരെ.

നിബന്ധനകൾ

1. ദർഘാസ്/ലേലത്തിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുള്ളവർ ഓരോ തോട്ടത്തിനും ₹ 2,000 വീതം നിരതദ്രവ്യം ലേലത്തിനുമുമ്പ് ഒടുക്കേണ്ടതും അപ്രകാരം നിരതദ്രവ്യം ഒടുക്കാത്തവരെ ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ലാത്തതുമാകുന്നു.

2. ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങി നിരതദ്രവ്യം കെട്ടിവെയ്ക്കുന്നതിനു മുമ്പായി സമർപ്പിക്കുകയോ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്തവരെ ദർഘാസ്/ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

3. ദർഘാസ്/ലേലം കൊണ്ടയാൾ ദർഘാസ്/ലേല തുകയുടെ 35% (കുറഞ്ഞത് ₹ 20,000, പരമാവധി ₹ 1,00,000) ലേലം കഴിഞ്ഞാലുടൻ തന്നെ ഒടുക്കേണ്ടതാണ്. മൊത്തം ലേലത്തുക ₹ 20,000-മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ ലേലത്തുകയും ലേലം കഴിഞ്ഞാലുടൻ ഒടുക്കേണ്ടതാണ്. അതിന് മുടക്കം വരുത്തിയാൽ അയാൾ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം ഗവൺമെന്റിലേക്ക് കണ്ടുകെട്ടുന്നതും ലേലംകൊണ്ട തോട്ടങ്ങൾ ലേലം കൊണ്ടയാളുടെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതും എന്നാൽ അതിൽവച്ച് വല്ല ലാഭവുമുണ്ടായാൽ മുൻലേലം കൊണ്ടയാൾക്ക് അതിനവകാശമില്ലാത്തതുമാകുന്നു. അപ്രകാരം ലേലം ചെയ്യുന്നതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയത് റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതുമാകുന്നു.

4. ദർഘാസ്/ലേലത്തിൽ വിജയിക്കുന്ന ആളിന്റെ നിരതദ്രവ്യം അയാൾ ഒടുക്കേണ്ടതായ ലേല സംഖ്യയിൽ തട്ടിക്കിഴിക്കുന്നതും ലേലംകൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരിച്ചുകൊടുക്കുന്നതുമാണ്.

5. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ആളിന്റെ പേരിൽ ദർഘാസ്/ലേലം ഉറപ്പിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവും ചൂണ്ടിക്കാണിക്കാതെ ലേലം നിരാകരിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഏതെങ്കിലും തോട്ടം ലേലത്തിൽ നിന്നും ഒഴിവാക്കാനോ, പുതുതായി ഏതെങ്കിലും തോട്ടം കൂടി ഉൾപ്പെടുത്തി ലേലം ചെയ്യുന്നതിനോ, ലേലം ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിയതായി ലേലം കൊണ്ടയാളിനെ അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി മുഴുവൻ ദർഘാസ്/ലേലത്തുകയും മൊത്തം ദർഘാസ്/ലേലത്തുകയുടെ 5% വനവികസന നികുതിയും നിയമാനുസൃതമായ മറ്റ് നികുതിയും ഏറ്റവും കുറഞ്ഞത് ₹ 1,000-മോ ലേലത്തുകയുടെ 10%-മോ ഏതാണോ കൂടുതൽ അത് സെക്യൂരിറ്റിയായും അടച്ച് ₹ 200-ന്റെ മുദ്രപത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടി എഴുതി ഒപ്പുവെയ്ക്കേണ്ടതാണ്. അതിനു മുടക്കം വരുത്തിയാൽ യാതൊരു കാരണവശാലും കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല. ബാക്കി ദർഘാസ്/ലേലത്തുകയും സെക്യൂരിറ്റിയും ഒടുക്കാതിരുന്നാൽ ലേലം കൊണ്ടതോട്ടങ്ങൾ റദ്ദുചെയ്യുകയും ലേലംകൊണ്ടയാൾ നേരത്തെ കെട്ടിവച്ചിട്ടുള്ള മുഴുവൻ തുകയും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്. കൂടാതെ ടി തോട്ടം വീഴ്ച വരുത്തിയ ആളിന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതും അതിൽ വെച്ച് എന്തെങ്കിലും നഷ്ടമുണ്ടായാൽ ആദ്യ ലേലക്കാരനിൽ നിന്നും നിലവിലിരിക്കുന്ന റവന്യൂ റിക്കവറി ആക്ട് അനുസരിച്ചോ യുക്തമായ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതുമാണ്.

7. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്ന ആൾ ലേലത്തിന് മുൻപായി കശുമാവ് തോട്ടങ്ങൾ നേരിൽകണ്ട് പരിശോധിച്ച് വിളവുകളുടെ ഗുണവും തരവും നല്ലതുപോലെ ബോദ്ധ്യപ്പെട്ടുകൊള്ളേണ്ടതും ലേലത്തിനു ശേഷം ഉണ്ടാകുന്ന പരാതികൾ സാധാരണഗതിയിൽ പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

8. ദർഘാസ്/ലേലം വിളി കേൾക്കുന്ന ആൾ ലേലത്തിന് ഒരു പൂർണ്ണ തീരുമാനം ഉണ്ടാകാതെ പിന്മാറാൻ പാടില്ലാത്തതും അപ്രകാരം പിന്മാറിയാൽ ഡിപ്പാർട്ട്മെന്റിന് വരുന്ന നഷ്ടത്തിന് അയാൾ ഉത്തരവാദിയാകുന്നതുമാണ്. ലേലപ്പരസ്യ വിജ്ഞാപന വ്യവസ്ഥകൾ കണ്ട് ബോദ്ധ്യപ്പെട്ട് ഒപ്പിട്ട് തരേണ്ടതും കൂടാതെ 9-3-1976-ലെ കേരള സർക്കാർ ഉത്തരവ് (പി) 62/76 എ.ഡി.യിലെ നിബന്ധനകളും 16-12-2008-ലെ കേരള ഗസറ്റിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)-ന്റെ പ്രൊ.(5) 7698/2008 നമ്പർ ഉത്തരവിലെ നിബന്ധനകളും ബാധകമാകുന്നതുമാണ്.

9. ലേലക്കാരൻ കേന്ദ്ര ഗവൺമെന്റിന്റെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായ നികുതി നിശ്ചിത സമയത്തും നിരക്കിലും നൽകാൻ ബാധ്യസ്ഥനാണ്.

10. ദർഘാസ്/ലേലത്തിൽ വിജയിക്കുന്ന പാട്ടക്കാരൻ മുഴുവൻ കശുവണ്ടിയും ശേഖരിച്ച് സർക്കാർ തീരുമാനത്തിന് വിധേയമായി കേരള കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷനേയോ അവരുടെ അംഗീകൃത ഏജന്റുമാരെയോ അതാത് കാലയളവിൽ ഗവൺമെന്റ് അംഗീകരിക്കുന്ന വിലയ്ക്ക് നൽകേണ്ട താണ്. കൂടാതെ കശുവണ്ടി സംഭരണവും വിതരണവും സംബന്ധിച്ച് നിലവിലുള്ളതും അതാത് കാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും പാട്ടക്കാരന് ബാധകമാണ്.

11. കരാറുകാരൻ ആവശ്യപ്പെടുന്നപക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിനും കശുവണ്ടി സൂക്ഷിക്കുന്നതിനും സ്ക്വയർ മീറ്ററിന് ₹ 5 പ്രകാരം ഒരു ഷെഡ് തോട്ടത്തിനുള്ളിൽ പണിയുന്നതിന് സ്ഥലം അനുവദിക്കുന്നതാണ്. ഷെഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റാഫീസറിൽ നിക്ഷിപ്തമാണ്. കരാർ കാലാവധിക്ക് മുൻപായി ഷെഡ് കരാറുകാരൻ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. ഷെഡ് പണിയുന്നതിനുള്ള സാധനങ്ങൾ നിലവിലുള്ള സീനിയറേജ് നിരക്ക് പ്രകാരം വനത്തിനുള്ളിൽ നിന്നും സൗകര്യം ഉള്ളപക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ്.

12. കരാർ കാലയളവിൽ എല്ലായ്പ്പോഴും കശുമാവുകൾക്ക് ചുറ്റുമുള്ള കാടുകൾ 5 മീറ്റർ ചുറ്റളവിൽ കരാറുകാരന്റെ ചുമതലയിൽ വെട്ടി നീക്കം ചെയ്തിരിക്കണം. വീഴ്ച വരുത്തിയാൽ യുക്തമായ പിഴ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

13. തോട്ടത്തിൽ യാതൊരു കാരണവശാലും തീപിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടത് കരാറുകാരന്റെ പ്രധാന ചുമതലയാണ്. കാട്ടുതീ മൂലമോ മറ്റു പ്രതികൂല കാലാവസ്ഥ മൂലമോ വല്ല നഷ്ടവും നേരിട്ടാൽ ആയതിന് കരാറുകാരന് യാതൊരുവിധ നഷ്ട പരിഹാരത്തിനും യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

14. കശുവണ്ടി ശേഖരിച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രതിമാസ കണക്കുകൾ ഓരോമാസവും 5-ാം തീയതിയ്ക്ക് മുൻപായി ബന്ധപ്പെട്ട റെയിഞ്ചാഫീസർക്കും ഡിവിഷണൽ ഫോറസ്റ്റാഫീസർക്കും സമർപ്പിക്കേണ്ടതാണ്. അതിനു വീഴ്ച വരുത്തുന്നപക്ഷം ഓരോ വീഴ്ചയ്ക്കും ₹ 50 വീതം പിഴ വസൂൽ ചെയ്യുന്നതാണ്.

15. ശേഖരണം നടത്തിയ കശുവണ്ടി കടത്തിക്കൊണ്ടു പോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസറിൽ നിന്നും നിർബന്ധമായും പാസ്സ് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തിയാൽ ഉചിതമായ പിഴ ഈടാക്കുന്നതാണ്.

16. ദർഘാസ്/ലേലത്തിനുശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകൾ വനം വകുപ്പിലെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

17. മറ്റു ബാധ്യതകളൊന്നുമില്ലെങ്കിൽ വിൽപ്പന നികുതി, ആദായ നികുതി, കാർഷികാദായ നികുതി എന്നിവയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ കാലാവധി കഴിഞ്ഞ് 6 മാസത്തിനകം ഹാജരാക്കിയാൽ സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

18. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നവർക്ക് പാൻകാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

പട്ടികയിൽ രേഖപ്പെടുത്തിയ 18-1-2021-ലെ ലേലത്തിൽ ലേലം വിളികൊള്ളാത്ത തോട്ടങ്ങളുടെ പുനർ ലേലം 22-1-2021 പകൽ 11 മണിക്ക് നടത്തുന്നതാണ്. വീണ്ടും പുനർലേലം ആവശ്യമായി വന്നാൽ 28-1-2021 പകൽ 11 മണിക്കും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ആഫീസിൽവെച്ച് ലേലം ചെയ്തു വിൽക്കുന്നതാണ്.

പട്ടിക

| ക്രമ നമ്പർ | കശുമാവ് തോട്ടത്തിന്റെ പേര് | | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| | **പാലോട് റെയിഞ്ച്** | | |
| 1 | 1994 | പച്ചമല | 60.00 |
| 2 | 1980 | കാലൻകാവ് | 5.35 |
| 3 | 1980 | പുളിച്ചമല | 6.92 |
| 4 | 1980 | പച്ചമല | 19.50 |
| 5 | 1981 | പച്ചമല കൊട്ടിയംകോണം | 4.014 |
| 6 | 1997 | കാലൻകാവ് | 9.00 |
| 7 | 1983 | ഒഴുകുപാറ | 20.00 |
| 8 | 1985 | വാമനപുരം | 6.72 |
| 9 | 1997 | ഇളമ്പ്രക്കോട് | 15.00 |
| 10 | 1980 | വാമനപുരം | 15.00 |
| 11 | 1955 | ചെക്കോണം | 18.514 |
| 12 | 1979 | കുടവനാട് | 7.40 |
| 13 | 1980 | ചൊക്കൻവിള | 6.25 |
| 14 | 1980 | പനയമുട്ടം | 3.52 |
| 15 | 1980 | ഇരപ്പുപാറ | 1.66 |
| 16 | 1981 | വള്ളിക്കുന്ന് | 2.0209 |
| 17 | 1976 | ചെക്കോണം (കരിപ്പുമല) | 9.37 |
| 18 | 1955 | ചെക്കോണം | 8.90 |
| | **പരുത്തിപ്പള്ളി റെയിഞ്ച്** | | |
| 19 | 1988 | പറക്കത്തേരി തോട്ടം | 8.880 |

കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റാഫീസിലോ ബന്ധപ്പെട്ട റെയിഞ്ചാഫീസുകളിലോ നേരിട്ട് അന്വേഷിച്ച് അറിയേണ്ടതാണ്.

(ഒപ്പ്)
ഡിവിഷണൽ
ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
തിരുവനന്തപുരം.

## റാന്നി ഡിവിഷൻ

### ഇ-ലേല പരസ്യം

നമ്പർ എ2-2388/2020 (III). 2020 ഡിസംബർ 21.

റാന്നി ഡിവിഷനിലെ വടശ്ശേരിക്കര റെയിഞ്ചിന്റെ പരിധിയിൽ വരുന്ന 1956 അടുകുഴി തേക്കുതോട്ടത്തിൽ നിന്നും (ബിറ്റ് II) അന്തിമവെട്ട് നടത്തി ശേഖരിച്ചതും ചുവടെ ചേർക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ തേക്കുതടി, കഴകൾ, ബില്ലറ്റ്, വിറക് എന്നിവ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) അവർകളുടെ 21-11-2015-ലെ പ്രൊ. (4)-26243/13-ാം നമ്പരായി 15-12-2015-ലെ 49-ാം നമ്പർ കേരള ഗസറ്റ് വാല്യം 4-ൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതു ദർഘാസ്/ലേല വ്യവസ്ഥകൾക്കും 1-11-2016-ലെ 43-ാം നമ്പർ കേരള ഗസറ്റ് വാല്യം 5-ൽ പരസ്യപ്പെടുത്തിയിട്ടുള്ള ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ഇതര ലേലവ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s MSTC, Ltd. www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമേ, ടി ഇ-ലേല തീയതിയ്ക്ക് മമ്പുവരെ ശേഖരിച്ച് അട്ടിവെയ്ക്കുന്ന ഉൽപ്പന്നങ്ങളും ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിനു മുമ്പ് നിയമപ്രകാരമുള്ള നിരതദ്രവ്യം ലേലം നടത്തുന്ന തീയതിക്ക് തൊട്ടുതലേദിവസം വൈകിട്ട് 6 മണിവരെ ഇ-ട്രഷറി വഴി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അടയ്ക്കേണ്ടതാണ്. ലേലക്കാർ തങ്ങളുടെ രജിസ്റ്റർ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈനായി EMD അടയ്ക്കുന്നതിന് സാങ്കേതിക തടസ്സം നേരിടുന്ന സന്ദർഭത്തിൽ ലേലക്കാർ നാഷണലൈസ്ഡ് ബാങ്കിൽ നിന്നും റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ലേലം നടക്കുന്ന തീയതിക്കു തൊട്ടു തലേദിവസം ഉച്ചയ്ക്ക് 2 മണിവരെ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. കൃത്യസമയത്ത് EMD അടച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ള വ്യക്തികൾക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു. വിജയിക്കുന്ന ഇ-ലേലക്കാരൻ, ഇ-ലേലത്തുകയുടെ 35% തുക ഇ-ലേല ദിവസം തന്നെ ഇ-പേയ്മെന്റായി കെട്ടി വയ്ക്കേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ GST, വനവികസന നികുതി, വരുമാന നികുതി, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടയ്ക്കേണ്ടതുണ്ട്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഇ-ലേലപ്രമാണങ്ങൾ സമർപ്പിക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുൻപായി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും, അളവും നേരിൽ കണ്ട് ബോധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്ക് മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും. വിൽപ്പനയ്ക്ക് വച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായിവരുന്നപക്ഷം ആയത് കഴിച്ചുള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിൽക്കുകയുള്ളു. തോട്ടത്തിലെ ജോലികൾ നടന്നു കൊണ്ടിരിക്കുന്നതിനാൽ ലേലത്തിന് മുൻപ് വരെ ഡമ്പിംഗ് ഡിപ്പോയിൽ ഇറക്കി ലോട്ടു ചെയ്യുന്ന ഉൽപ്പന്നങ്ങൾ കൂടി ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. മുൻ ലേലങ്ങളിൽ വിറ്റു പോകാത്ത ലോട്ടുകളും ടി ഇ-ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ വടശ്ശേരിക്കര റെയിഞ്ച് ആഫീസിൽ നിന്നോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അറിയാവുന്നതാണ്.

പട്ടിക

| റെയിഞ്ച് | തോട്ടത്തിന്റെ പേര് | ഉൽപ്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉൽപ്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | റിമാർക്സ് |
|---|---|---|---|---|---|
| വടശ്ശേരിക്കര | 1956 അടുകുഴി തേക്ക്തോട്ടം, ബിറ്റ്-II (ഫൈനൽ ഫെല്ലിംഗ്) | പേക്കാവ് ഡംമ്പിംഗ് ഡിപ്പോ | നാലാം തരം തേക്ക് തടികൾ | 150 $M^3$ | |
| | | | നാലാം തരം തേക്ക് തടികൾ | 6.086 $M^3$ | ലോട്ട് നമ്പർ 06/20, 08/20 എന്നിവ 7-8-2020-ലെ ലേലത്തിൽ വിറ്റു പോകാത്തതാണ്. |
| | | | തേക്ക് തടികൾ BS | 20 $M^3$ | |
| | | | രണ്ടാം തരം തേക്ക് കഴകൾ | 800 എണ്ണം | |
| | | | രണ്ടാം തരം തേക്ക് കഴകൾ | 100 എണ്ണം | ലോട്ട് നമ്പർ 122/20, 124/20 എന്നിവ 18-11-2020-ലെ ലേലത്തിൽ വിറ്റു പോകാത്തതാണ്. |
| | | | മൂന്നാം തരം തേക്ക് കഴകൾ | 600 എണ്ണം | |
| | | | നാലാം തരം തേക്ക് കഴകൾ | 200 എണ്ണം | |
| | | | തേക്ക് ബില്ലറ്റ് | 150 MT | |
| | | | തേക്ക് ബില്ലറ്റ് | 9.55 MT | ലോട്ട് നമ്പർ 92/20, 18-11-2020-ലെ ലേലത്തിൽ വിറ്റു പോകാത്തതാണ്. |
| | | | വിറക് | 350 MT | |

ഇ-ലേല തീയതിയും സമയവും—21-1-2021, രാവിലെ 11.30.

പകരം തീയതി—16-2-2021, 11.30, 5-3-2021, 11.30, 21-1-2021-ാം തീയതി ലേലം കൊണ്ടിട്ടില്ലാത്ത ലോട്ടുകൾ (No bid lots) പകരം തീയതിയായ 16-2-2021-ാം തീയതിയിൽ ലേലം ചെയ്യുന്നതായിരിക്കും. 16-2-2021-ാം തീയതി ലേലം കൊണ്ടിട്ടില്ലാത്ത ലോട്ടുകൾ (No bid lots) പകരം തീയതിയായ 5-3-2021-ാം തീയതിയിൽ ലേലം ചെയ്യുന്നതായിരിക്കും.

ഇ-ലേല പ്രമാണങ്ങൾ വെബ് സൈറ്റിൽ ലഭ്യമാകുന്ന തീയതി—21-1-2021 & 16-2-2021, 5-3-2021.

നിരതദ്രവ്യം—തേക്ക് തടികൾ ₹ 50,000.

തേക്ക്കഴ, ബില്ലറ്റ്, വിറക്—₹ 20,000.

ഇ-ലേലത്തിൽ ഏറ്റവും കൂടിയ ഉചിതമായ തുക രേഖപ്പെടുത്തുന്ന ലേലക്കാരുടെ പേരിൽ ഇ-ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

ഇ-ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ബാംഗ്ലൂർ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ ഓൺ ലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ റാന്നി ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ, വടശ്ശേരിക്കര റെയിഞ്ച് ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റാഫീസ്, റാന്നി—04735-227558.

റെയിഞ്ച് ഓഫീസ്, വടശ്ശേരിക്കര—04735-252021.

No. A2-2388/2020 (III). *21st December 2020.*

It is hereby notified that Teak Timber, Teak Billet, Teak Poles collected from final felling areas of 1st bit of 1956 Teak Plantation at Adukuzhy in Vadasserikkara Range under Ranni Division will be sold through e-auction as shown in the schedule below, by M/s. MSTC Ltd., Bangalore, subject to the conditions published by the M/s. MSTC Ltd. and in the Kerala Gazette No. 36, Vol. III, Part III dated 16-9-2014, Kerala Gazette No. 43, Vol. III, Part III, dated 4-11-2014, Kerala Gazette No. 8, Vol. IV, Part III, dated 24-2-2015, Kerala Gazette No. 34, Vol. IV, Part III dated 25-8-2015, Kerala Gazette No. 40, Vol. IV, Part III dated 13-10-2015 & Kerala Gazette No. 43, Vol. V, Part III dated 1-11-2016 and vide Notification No. Pro. (4) 26243/13, dated 21-11-2015 & 26-9-2016 of the Additional Principal Chief Conservator of Forests (P), Thiruvananthapuram and other conditions prevalent in the Forest Department. Besides the quantity shown in the schedule, the quantity if any delivered to dumping sites before the date of e-auction and that could be lotted immediately before the e-auction will also be placed in the e-auction. The unsold materials in the previous e-auctions will also be included in this e-auction. EMD can be remitted through e-treasury till 6 p. m. on the previous day of the auction. The buyer registration number has to be mentioned while paying the EMD. For the benefit of the bidders who are not well versed with online transactions. Divisional Forest Officer, Ranni will accept EMD in the form of Demand Draft payable at any Nationalized Bank drawn in favour of Divisional Forest Officer, Ranni concerned, as was done in the old system, till 2 p. m. on the previous day of auction. Successful bidders will have to remit 35% of the bid amount on the e-auction date itself through e-payment. Successful bidders will also have to remit the balance value, GST, Forest Development Tax, Income Tax and such other taxes that are prevailing at the time of e-auction within the stipulated time limit.

e-Auction documents and connected records are available in the website www.mstcecommerce.com. For submission of e-auction visit the website www.mstcecommerce.com. All bids/e-auction documents are to be submitted online only and in the designated online cover (s)/envelope (s) on www.mstcecommerce.com. The e-auction documents submitted manually/through post will not be entertained.

Online e-auction/bids are to be accompanied with relevant documents. e-Auction/bids received online without the scanned copies of relevant documents will not be considered and shall be summarily rejected. Any further clarification on this e-auction can be obtained from NIC/the e-auction helpdesk number available in the website www.mstcecommerce.com and from the office of the Divisional Forest Officer, Ranni/Range Office, Vadasserikkara during the office hours. The details regarding e-payment (Bidder's Bank Account No. where he/she is having core banking facility and e-mail ID) should be submitted along with the e-auction documents. e-Auction documents without these details will not be accepted. Technical bid and financial bid shall be submitted in their respective designated online covers. The Forest Department will not be responsible for any inconvenience or loss to the Bidder while uploading/ downloading the bid.

The bidders who wish to participate in the e-auction should produce a certificate showing the permanent address and signature of the bidders duly attested by the concerned Village Officer or any other approved Identity documents along with the EMD through online. Those who do not produce any approved Identity Card or Certificate will not be eligible to participate in the e-auction.

Intending persons may ensure the quantity and quality of materials putup for e-auction before the commencement of the same and no complaints will be entertained after the e-auction. In case any Govt. Department requires any of the materials putup for the e-auction, the quantity remaining after their selection only will be re-auctioned. The quantity that may become ready for sale after the publication of this notification will also be included in the e-auction. Any further notification to the sale conditions that may be issued by the Government after the issuance of this notification will also be applicable to this e-auction. The unsold materials in the e-auction will be re-auctioned.

Further details and information can be had from this office or the concerned Range Office, Vadasserikkara during the working hours.

SCHEDULE

| . | Range | Name of Plantation | Name of Dumping site | Species & Class | Quantity | Remarks |
|---|---|---|---|---|---|---|
| | Vadasserikkara | 1956 T P | Pekkavu | Teak Timber IV | 150 $M^3$ | |
| | | Adukuzhy Bit II (Final Felling Coupe) | | Teak Timber IV | 6.086 $M^3$ | Lot No. 06/20, 08/20 are not sold in the previous e-auction dated 7-8-2020. |
| | | | | Teak Timber BS | 20 $M^3$ | |
| | | | | Teak Poles IIC | 800 Nos. | |
| | | | | Teak Poles IIC | 100 Nos. | Lot No. 122/20, 124/20 are not sold in the previous auction dated 18-11-2020. |
| | | | | Teak Poles III | 600 Nos. | |
| | | | | Teak Poles IV | 200 Nos. | |
| | | | | Teak Billets | 150MT | |
| | | | | Teak Billets | 9.55 MT | Lot No. 92/20 is not sold in the previous auction dated 18-11-2020. |
| | | | | Jungle wood fire wood | 350 MT | |

Date and time of e-auction—21-1-2021, 11.30 a.m.

Alternate Dates—16-2-2021, 11.30, 5-3-2021, 11.30.

No bid lots on 21-1-2021 will be auctioned on 16-2-2021 in alternate days.

No bid lots on 16-2-2021 will be auctioned on 5-3-2021.

Date from which e-auction will be available in the website—21-1-2021, 16-2-2021, 5-3-2021.

Earnest Money Deposit :

Teak timber—₹ 50,000.

Teak poles, Billets, Fire Wood—₹ 20,000.

The e-auction will be knocked down in the name of the highest bidders.

Those who are interested to participate in the e-auction should be registered buyer online with MSTC Limited, Bangalore. Conditions for e-auction will be available at the website www.mstcecommerce.com.

Telephone No. Divisional Forest Office, Ranni—04735-227558.

Range Forest Office, Vadasserikkara—04735-252021.

Office of the
Divisional Forest Officer,
Ranni.

P. K. JAYAKUMAR SHARMA IFS,
*Divisional Forest Officer*
(For and on behalf of the Governor of Kerala).

ലേല പരസ്യം

നമ്പർ ജി2-7118/2020. 2020 ഡിസംബർ 21.

റാന്നി ഡിവിഷന്റെ കീഴിലുള്ള റാന്നി/വടശ്ശേരിക്കര/ഗൂഡ്രിക്കൽ എന്നീ റെയിഞ്ചുകളിലെ വിവിധ ഫോറസ്റ്റ് കേസ്സുകളിൽപ്പെട്ട തൊണ്ടിത്തടികളും വിറകും മറ്റിനം വന വിഭവങ്ങളും ജീവനും സ്വത്തിനും അപകട ഭീഷണിയായി വിവിധ സ്ഥലങ്ങളിൽ നിന്നിരുന്ന മരങ്ങളുടെ മുറിച്ചിട്ടിരിക്കുന്ന തടികളും വിറകും വിവിധ സ്ഥലങ്ങളിൽ നിന്നും ഒഴുകി വന്ന് അടിഞ്ഞ തടികളും താഴെപ്പട്ടികയിൽ അതാതു റെയിഞ്ചിനുനേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 11 മണിക്ക് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ആഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ 16-11-1998-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 11/99, 4-3-1999-ലെ സർക്കാർ ഉത്തരവ് 19/99 വനം എന്നിവ പ്രകാരവും തിരുവനന്തപുരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 12-6-2008-ലെ പ്രൊ (5) 2613/08 നമ്പരായും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 22-11-2013-ലെ പ്രൊ (5)-26274/2012 നമ്പരായും കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല വ്യവസ്ഥകൾക്കും നിലവിലുള്ള മറ്റ് നിയമങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം പൊതു ഒഴിവ് ദിവസമായി വന്നാൽ പ്രസ്തുത ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തുവെച്ച് നിശ്ചിത സമയത്ത് ലേലം നടത്തുന്നതായിരിക്കും. ലേല തീയതിക്ക് 7 ദിവസം മുൻപുതന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന ലേല വസ്തുക്കളുടെ ഇനം, അളവ്, എണ്ണം മുതലായവയുടെ ലോട്ട് തിരിച്ചുള്ള പട്ടിക അതാത് റെയിഞ്ചാഫീസുകളിൽ പരസ്യപ്പെടുത്തുന്നതും ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലോട്ട് പ്രകാരമുള്ള തൊണ്ടി സാധനങ്ങൾ നേരിൽ പരിശോധിച്ച് അളവും ഗുണനിലവാരവും ബോദ്ധ്യപ്പെടേണ്ടതുമാണ്. ലേലത്തിനുശേഷം ഇതു സംബന്ധമായ പരാതികൾ പരിഗണിക്കുന്നതല്ല. ലേല നിബന്ധനകളിൽ വീഴ്ച വരുത്തുന്നപക്ഷം സർക്കാരിനുണ്ടായ സകലവിധ കഷ്ടനഷ്ടങ്ങൾ തന്നിൽ നിന്നും ഈടാക്കാവുന്നതാണെന്ന് സമ്മതിച്ചുകൊണ്ടുള്ള സമ്മതപത്രം ലേലക്കാരൻ ഒപ്പുവയ്ക്കേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപായി തേക്ക് തടികൾക്ക് ₹ 20,000-ം (ഇരുപതിനായിരം രൂപയും) മറ്റ് തടികൾക്ക് ₹ 10,000-ം (പതിനായിരം രൂപയും) മറ്റ് വനവിഭവങ്ങൾക്ക് ₹ 4,000-ം (നാലായിരം) എന്ന ക്രമത്തിൽ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ വിളിച്ചിട്ടുള്ള തൊണ്ടി സാധനങ്ങളുടെ വില ടി തുകയിൽ കവിയുന്നില്ലായെങ്കിൽ മുഴുവൻ തുകയും (നിരതദ്രവ്യം ഉൾപ്പെടെ) ലേലം കഴിഞ്ഞാലുടനെ കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തുക ₹ 20,000-ൽ കവിയുന്നപക്ഷം ലേലത്തുകയുടെ 35% രൂപയോ കൂടിയത് ₹ 1,00,000 (ഒരു ലക്ഷം) ഇതിൽ ഏതാണോ കൂടുതൽ ആ തുക ലേലം കഴിഞ്ഞാലുടൻതന്നെ ഒടുക്കേണ്ടതാണ്. കോടതി ഉത്തരവ് അനുസരിച്ച് ലേലം ചെയ്യുന്ന തൊണ്ടി വസ്തുക്കളുടെ മുഴുവൻ വിലയും ലേലദിവസം തന്നെ ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന നോട്ടീസിന്റെ തീയതി മുതൽ 40 ദിവസത്തിനകം ബാക്കി വിലയും അതാത് കാലങ്ങളിൽ നിലവിലുള്ള നിരക്ക് പ്രകാരം നികുതികളും ഒടുക്കി ലേലത്തിൽ പിടിച്ചെടുത്ത സാധനങ്ങൾ നിയമാനുസൃത പാസ് വാങ്ങി നീക്കം ചെയ്യേണ്ടതാണ്. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 8-1-2002-ലെ FU(2)19414/2000 നമ്പരായി 19-1-2002-ലെ 87-ാം നമ്പർ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ള എല്ലാ നിബന്ധനകളും സർക്കാർ തടി ഡിപ്പോകളിൽ നിലവിലുള്ള ലേല നിബന്ധനകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ഈ ലേലത്തിന് ബാധകമായിരിക്കും. ലേല വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലോ ആവശ്യമായി വരുന്നപക്ഷം അതാത് ലേലത്തിൽ പങ്കെടുക്കുന്നവരെ ലേലം തുടങ്ങുന്നതിന് മുൻപ് വായിച്ച് കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതായിരിക്കും. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ചുകളിൽ പ്രവർത്തി സമയങ്ങളിൽ നേരിട്ട് അന്വേഷിച്ചാൽ അറിയാവുന്നതാണ്.

**പട്ടിക**

| ലേല സ്ഥലം | ലേല തീയതികൾ | | | | | |
|---|---|---|---|---|---|---|
| റാന്നി | 20-1-2021 | 8-2-2021 | 4-3-2021 | 5-4-2021 | 4-5-2021 | 2-6-2021 |
| | 6-7-2021 | 3-8-2021 | 6-9-2021 | 4-10-2021 | 3-11-2021 | 2-12-2021 |
| വടശ്ശേരിക്കര | 22-1-2021 | 10-2-2021 | 8-3-2021 | 7-4-2021 | 6-5-2021 | 4-6-2021 |
| | 9-7-2021 | 5-8-2021 | 8-9-2021 | 6-10-2021 | 9-11-2021 | 6-12-2021 |
| ഗൂഡ്രിക്കൽ | 25-1-2021 | 12-2-2021 | 10-3-2021 | 9-4-2021 | 11-5-2021 | 8-6-2021 |
| | 13-7-2021 | 10-8-2021 | 13-9-2021 | 11-10-2021 | 11-11-2021 | 8-12-2021 |

(2)

നമ്പർ സി2-7075/2019. 2020 ഡിസംബർ 30.

റാന്നി ഡിവിഷൻ പരിധിയിൽ റാന്നി റെയിഞ്ചിന്റെ കണമല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലും ഗൂഡ്രിക്കൽ റെയിഞ്ചിന്റെ പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലുമായി വരുന്ന 0.2 ഹെക്ടർ വനഭൂമി കേരള വാട്ടർ അതോറിറ്റിയ്ക്ക് നിലയ്ക്കൽ ശുദ്ധജല വിതരണം പദ്ധതിയ്ക്കായി വിട്ടു നൽകിയതിൽ നിൽക്കുന്ന താഴെ പട്ടികയിൽ പറയുന്ന മരങ്ങൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്ത് കൊണ്ടുപോകുന്നതിനുള്ള അവകാശം 21-1-2021 തീയതിയ്ക്ക് താഴെ പറയുന്ന സമയത്ത് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ വച്ച് 10-12-2013-ലെ കേരള ഗസറ്റ് നമ്പർ 49-ൽ 815 മുതൽ 821 വരെയുള്ള ഫോറസ്റ്റ് പേജുകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അവർകളുടെ 22-11-2013-ലെ പ്രൊ (5) 43797/13 എന്ന നമ്പരിലായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ/ലേല വ്യവസ്ഥകൾക്കും, നിൽപ്പ് മരങ്ങളുടെ വിൽപ്പന സംബന്ധിച്ച് മറ്റ് വ്യവസ്ഥകൾക്കും, നിബന്ധനകൾക്കും വിധേയമായി ദർഘാസ്/ലേലത്തിൽ പരസ്യമായി വിൽക്കുന്നതാണ്.

**പട്ടിക**

| ക്രമ നമ്പർ | റെയിഞ്ച്/ലൊക്കേഷൻ | മരത്തിന്റെ പേര് | എണ്ണം |
|---|---|---|---|
| 1 | ഗൂഡ്രിക്കൽ/പ്ലാപ്പള്ളി | ഏഴിലംപാല | 1 |
| 2 | ഫോറസ്റ്റ് സ്റ്റേഷൻ, | അൽമരം | 1 |
| 3 | ഒന്നാം വളവ് | ചെന്നെല്ലി | 1 |
| 4 | | മൈല | 1 |
| 5 | | വട്ട | 1 |
| 6 | | അവൽ | 1 |
| 7 | ഗൂഡ്രിക്കൽ/പ്ലപ്പള്ളി | മൈല | 1 |
| 8 | ഫോറസ്റ്റ് സ്റ്റേഷൻ, | മരോട്ടി | 1 |
| 9 | വള്ളിക്കെട്ട് ഏരിയ | കരിങ്ങഴ | 1 |
| 10 | | വെട്ടി | 1 |
| 11 | | കൽമാണിക്യം | 1 |
| 12 | | കാട്ടുപത്രി | 1 |
| 13 | റാന്നി/കണമല, | ഇലവ് | 5 |
| 14 | പ്ലാപ്പള്ളി ഏരിയ | ഇയ്യോലി | 3 |
| 15 | | വട്ട | 5 |
| | | **ആകെ** | **25** |

ദർഘാസ് ഫോറത്തിന്റെ വില—₹ 600 + 12% GST.

ലേലത്തീയതി/തുറക്കുന്ന സമയം—21-1-2021 രാവിലെ 11 മണി.

പകരം ലേലത്തീയതി—25-1-2021, 27-1-2021.

ദർഘാസ്/ലേല ദിവസം പൊതു അവധിയായി വരുന്നപക്ഷം ദർഘാസ്/ലേലം നടത്താൻ കഴിയാതെ വന്നാൽ ടി ദർഘാസ്/ ലേലം അടുത്ത പ്രവൃത്തി ദിവസം പ്രസ്തുത സ്ഥലത്തും, സമയത്തും വച്ച് നടത്തുന്നതായിരിക്കും. കൂടാതെ മറ്റെന്തെങ്കിലും കാരണത്താൽ ദർഘാസ്/ ലേലം നടത്താൻ കഴിയാതെ വരികയോ, ബാക്കി വരികയോ ചെയ്താൽ 25-1-2021, 27-1-2021 എന്നീ തീയതികളിൽ അടുത്ത ലേലം നടത്തുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിലോ, റാന്നി/ഗൂഡ്രിക്കൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസുകളിലോ ലഭ്യമാണ്. ലേലത്തിൽ നിശ്ചയിച്ചിട്ടുള്ള തീയതിയ്ക്ക് മുമ്പുള്ള പ്രവൃത്തി ദിവസം 5 മണിവരെ ദർഘാസ് ഫോറങ്ങൾ റാന്നി ഡിവിഷൻ ഓഫീസിൽ നിന്നും വില ഒടുക്കി വാങ്ങാവുന്നതാണ്. ദർഘാസ് സ്വീകരിക്കുന്നത് ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് വരെയായിരിക്കും.

നിബന്ധനകൾ

1. ടെണ്ടർ/ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. പട്ടികയിലെ നിൽപ്പ് മരങ്ങളുടെ നീക്കം ചെയ്യൽ സംബന്ധിച്ച ജോലിക്കുവേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്.

2. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി മരങ്ങളുടെ നിൽപ് സ്ഥിതികണ്ട് ബോധ്യപ്പെടേണ്ടതും, ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ലേലത്തിന് മുമ്പായി രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്. ലേലത്തിന് ശേഷം അവ സംബന്ധിച്ച യാതൊരു പരാതികളും പരിഗണിക്കുന്നതല്ല.

3. ദർഘാസുകാരൻ/ലേലക്കാരൻ നേരിട്ട് ദർഘാസ്/ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. നിയമപരമായ പവർ ഓഫ് അറ്റോർണി ഇല്ലാത്ത പകരക്കാരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

4. റാന്നി ഡിവിഷനിലേയും മറ്റ് സമീപ ഡിവിഷനുകളിലേയും സപ്ലൈ കോൺട്രാക്റ്റർമാരെ ടി ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

5. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽനിന്നും വാങ്ങി നിരതദ്രവ്യത്തോടൊപ്പം ഹാജരാക്കേണ്ടതാണ്.

6. ഇൻകം ടാക്സ്, പാൻ കാർഡ് കൈവശമില്ലാത്ത ആരേയും ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

7. വിജയിക്കുന്ന ദർഘാസുകാരന്/ലേലക്കാരന് പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ആഫീസർമാരുമായോ, ആഫീസുമായോ ഏതെങ്കിലും തരത്തിലുള്ള ബന്ധം ഇല്ലെന്ന് തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം ദർഘാസ്/ലേലദിവസം ദർഘാസുകാരൻ/ലേലക്കാരൻ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ദർഘാസുകാരന്/ലേലക്കാരന് ബന്ധപ്പെട്ട ആഫീസർമാരുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടെന്ന് പിന്നീട് തെളിയിക്കപ്പെട്ടാൽ ടിയാന്റെ പേരിലുള്ള ദർഘാസ്/ലേലം റദ്ദ് ചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതാണ്.

8. ദർഘാസ്/ലേലത്തിന് 7 ദിവസങ്ങൾക്കുശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകളോ മറ്റേതെങ്കിലും തരത്തിലുള്ള പരാതികളോ പരിഗണിക്കുന്നതല്ല. ഒരു ലക്ഷം രൂപയിൽ കൂടുതൽ ലേലത്തുക വരുന്ന കേസുകളിൽ ലേലത്തുകയുടെ 10 ശതമാനത്തിൽ കുറയാത്ത പോസ്റ്റ് ഓഫറുകളും ഒരു ലക്ഷത്തിൽ താഴെ ലേലത്തുക വരുന്ന കേസുകളിൽപ്പെട്ട ലേലങ്ങൾക്ക് 20 ശതമാനത്തിൽ കുറയാത്ത പോസ്റ്റ് ഓഫറുകളും മാത്രമേ പരിഗണിക്കുകയുള്ളൂ. കൂടാതെ താഴെ പറയുന്ന നിബന്ധനകളും പോസ്റ്റ് ഓഫറുകൾക്ക് ബാധകമാണ്.

(എ) ദർഘാസ്/ലേലത്തിന് 7 ദിവസങ്ങൾക്കുശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ബി) പോസ്റ്റ് ഓഫറുകാരൻ യഥാർത്ഥ ദർഘാസ്/ലേലക്കാരൻ ഒടുക്കിയ തുകയുടെ ഇരട്ടി തുക അടയ്ക്കേണ്ടതാണ്.

(സി) ബന്ധപ്പെട്ട പോസ്റ്റ് ഓഫർ തുകയും മറ്റ് നികുതികളും ചെലാൻ മുഖാന്തിരമോ ബാങ്ക് രസീത് വഴിയോ ഈ ആഫീസിൽ നിന്നും രജിസ്റ്റേർഡ് തപാൽ മുഖേന അറിയിച്ച് ഏഴു ദിവസത്തിനുള്ളിൽ ഒടുക്കി ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്. പോസ്റ്റ് ഓഫർ നൽകുന്ന ദർഘാസുകാരൻ നിൽപ്പുമരങ്ങളുടെ ഗുണനിലവാരവും മറ്റ് ദർഘാസ് വ്യവസ്ഥകളും ബോദ്ധ്യപ്പെട്ടശേഷം നിശ്ചിത മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്.

(ഡി) പോസ്റ്റ് ഓഫറുകാരൻ ടി വ്യവസ്ഥകൾ ബോദ്ധ്യപ്പെട്ട് ഉടമ്പടിയിൽ ഏർപ്പെടുന്നപക്ഷം ഇതിൻമേൽ ആവശ്യമായ പരസ്യം നൽകി ഒരു പുനർലേലം നടത്തുന്നതാണ്. പുനർ ലേലത്തിൽ ലഭിക്കുന്ന തുക പോസ്റ്റ് ഓഫറുകാരൻ വാഗ്ദാനം ചെയ്ത തുകയേക്കാൾ കുറവാണെങ്കിൽ, പോസ്റ്റ് ഓഫറുകാരൻ വാഗ്ദാനം ചെയ്ത തുകയ്ക്ക് ടിയാന്റെ പേരിൽ ദർഘാസ്/ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും. പോസ്റ്റ് ഓഫറുകാരൻ വാഗ്ദാനം ചെയ്ത ലേലത്തുക അടയ്ക്കുന്നതിൽ നിന്നും പിൻമാറുന്നപക്ഷം ടിയാൻ അടച്ചിട്ടുള്ള സെക്യൂരിറ്റി തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്. പുനർ ലേലത്തിൽ പോസ്റ്റ് ഓഫറുകാരൻ വാഗ്ദാനം ചെയ്ത തുകയേക്കാൾ കൂടുതൽ തുകയ്ക്ക് ലേലം/ദർഘാസ് നടക്കുകയാണെങ്കിൽ ഉയർന്ന ലേലത്തുകയ്ക്ക് ആ വ്യക്തിയുടെ പേരിൽ ലേലം ഉറപ്പിക്കുന്നതും പോസ്റ്റ് ഓഫറുകാരന്റെ സെക്യൂരിറ്റി തുക തിരികെ നൽകുന്നതുമാണ്.

9. കൂടുതൽ വിവരങ്ങൾക്ക് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ആഫീസിലോ റാന്നി/ഗൂഡ്രിക്കൽ റെയ്ഞ്ച് ഫോറസ്റ്റ് ആഫീസിലോ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അന്വേഷിച്ചാൽ അറിയാവുന്നതാണ്.

10. ദർഘാസ്/ലേലത്തിൽ പങ്ക് ചേരണമെന്നാഗ്രഹിക്കുന്നവർ ₹ 25,000 (ഇരുപത്തി അയ്യായിരം രൂപ) നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്.

11. കൂടുതൽ തുകയ്ക്ക് ദർഘാസ്/ലേലംകൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ 35 ശതമാനം തുക ലേലം കഴിഞ്ഞാലുടൻ ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടി മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

12. ദർഘാസ്/ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.

13. ദർഘാസ്/ലേലത്തിൽ പങ്കെടുത്ത് കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾ ₹ 200-ന്റെ മുദ്രപത്രത്തിൽ ഒരു ബൗണ്ടൻ ഉടമ്പടി കൂടി ലേലം കഴിഞ്ഞാലുടൻ ഒപ്പ് വയ്ക്കേണ്ടതാണ്.

14. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയുടെ 14.5% വാറ്റും മൊത്തം തുകയും വാറ്റും കൂടി കൂട്ടുന്ന തുകയുടെ 5% വന വികസന നികുതിയും, വിലയും, വാറ്റും വന വികസന നികുതിയും ഉൾപ്പെടുന്ന തുകയുടെ 2.5% ആദായ നികുതിയും അതിന്റെ 3% വിദ്യാഭ്യാസ സെസ്സും (പാൻ കാർഡ് ഇല്ലാത്തവർ 20% ആദായനികുതി ഒടുക്കേണ്ടതാണ്) ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റും വച്ച് ₹ 100-ന്റെ മുദ്രപത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ ടി തുകകൾ ഒടുക്കാൻ കഴിയാതെ വന്നാൽ 18% പലിശ നിരക്കിൽ തുകകൾ ഒടുക്കുന്നതിന് 30 ദിവസത്തേക്കും 24% പലിശ നിരക്കിൽ വീണ്ടും 30 ദിവസത്തേക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് യുക്തംപോലെ കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്.

15. മുകളിലെ വ്യവസ്ഥ പ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും തുക ഒടുക്കി എഗ്രിമെന്റ് വയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ ലേല/ദർഘാസുകാരൻ ഒടുക്കിയിട്ടുള്ള എല്ലാ തുകയും സർക്കാരിലേക്ക് കണ്ടുകെട്ടി ലേലം റദ്ദു ചെയ്യുന്നതും ലേല/ദർഘാസുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലം ചെയ്യുമ്പോൾ ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിന് ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. പുനർലേലത്തിലുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും വീഴ്ചക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

16. ഉടമ്പടി കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 30 ദിവസമാണ്. സാധാരണ ഗതിയിൽ മരം മുറിച്ച് കടത്തിക്കൊണ്ടുപോകുന്നതിനുള്ള കാലാവധി നീട്ടികൊടുക്കുന്നതല്ല. എന്നാൽ പ്രത്യേക സാഹചര്യത്തിലും മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിലും റാന്നി ഡിവിഷണൽ ഫോറസ്റ്റാഫീസർ രണ്ടും മാസം വരെ നിയമാനുസൃതമായ പിഴ ഈടാക്കിക്കൊണ്ട് കാലാവധി നീട്ടിക്കൊടുക്കുന്നതാണ്.

17. ഇപ്രകാരം നീട്ടി നൽകുന്ന തീയതിക്കുള്ളിലും മുറിച്ച് നീക്കം ചെയ്യാതെ നിൽക്കുന്ന മരങ്ങളും മുറിച്ച് നീക്കം ചെയ്യാതെ കിടക്കുന്ന തടിയും വിറകും കണ്ടുകെട്ടി ഗവൺമെന്റിലേക്ക് മുതൽ കൂട്ടുന്നതും കരാറുകാരന് ആയവയിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്. ഉടമ്പടിക്കാരൻ ചെയ്തു തീർക്കുവാനുള്ള ബാക്കി ജോലികൾ ഡിപ്പാർട്ട്മെന്റ് ചെയ്യിക്കുന്നതും ആയതിൽ വച്ചുണ്ടാകുന്ന മുഴുവൻ ചിലവും ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

18. ടി മരങ്ങളിൽ നിന്നും ശേഖരിച്ച് വയ്ക്കുന്ന തടിയും വിറകും നീക്കം ചെയ്യാനുള്ള ലൈസൻസ് നൽകുന്നത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

19. ഡിവിഷണൽ ഫോറസ്റ്റാഫീസറുടെയോ റെയിഞ്ചാഫീസറുടെയോ രേഖാമൂലമുള്ള അനുമതിയോടുകൂടി മാത്രമേ കരാറുകാരനോ, അയാളുടെ ആളുകളോ വനത്തിൽ പ്രവേശിക്കുവാൻ പാടുള്ളു.

20. യാതൊരു കാരണവശാലും പ്ലാന്റേഷനിലേയോ, റിസർവ്വിലേയോ മറ്റ് മരങ്ങൾക്കും തടികൾക്കും സമീപമുള്ള വീടുകൾക്കും വിളകൾക്കും കേടുപാടുകളോ നാശനഷ്ടങ്ങളോ വരുത്താൻ പാടില്ല. അങ്ങനെയുണ്ടാവുന്ന നഷ്ടത്തിന് കരാറുകാരൻ പൂർണ്ണ ഉത്തരവാദി ആകുന്നതാണ്.

21. കരാർ പ്രകാരമുള്ള ജോലിയുടെ നിർവ്വഹണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ പ്രസ്തുത ജോലിക്കായി കരാറുകാരൻ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്കോ മറ്റ് ജോലിക്കാർക്കോ ഉണ്ടായേക്കാവുന്ന അപകടം, മരണം തുടങ്ങിയവയ്ക്കും കരാറുകാരന്റെയോ മറ്റുള്ളവരുടെയോ സാധന സാമഗ്രികൾക്കോ യന്ത്രങ്ങൾക്കോ വാഹനങ്ങൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും വനം വകുപ്പോ കേരളാ ഗവൺമെന്റോ യാതൊരു വിധത്തിലും ഉത്തരവാദിയായിരിക്കുന്നതല്ലാത്തതും അത്തരം സംഭവങ്ങളുടെ ഉത്തരവാദിത്വം കരാറുകാരന് മാത്രം ആയിരിക്കുന്നതുമാണ്. അവിചാരിതമായ കാരണങ്ങളാലോ മോശമായ കാലാവസ്ഥമൂലമോ ഉടമ്പടി കാലാവധിക്കുള്ളിൽ ഉൽപ്പന്നങ്ങൾ നീക്കംചെയ്ത് കൊണ്ടുപോകാൻ കഴിയാതെ വന്നാൽ നിയമാനുസൃത തറവാടക ഉടമ്പടിക്കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

22. മരത്തിന് 0.4 കി. മീറ്റർ (2 ഫർലോംഗ്) ചുറ്റളവിൽ സംഭവിക്കുന്ന എല്ലാവിധ അനധികൃത കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാകുന്നതാണ്. അനധികൃതകുറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ഉടമ്പടിക്കാരൻ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടാവുന്നതാണ്.

23. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്കുശേഷം ഗവൺമെന്റിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടെങ്കിൽ ടി തുകയിൽ നിന്നും ഈടാക്കിയതിന് ശേഷം ബാക്കി തുക തിരിച്ച് നൽകുന്നതാണ്.

24. ഈ ദർഘാസ്/ലേലത്തിലെ വകുപ്പുകൾ പ്രകാരം ഗവൺമെന്റിലേക്ക് കിട്ടേണ്ടതായ ഏതൊരു തുകയും ഡിപ്പാർട്ടുമെന്റിൽ നിന്നും ആവശ്യപ്പെടുന്ന സമയത്ത് ദർഘാസുകാരൻ/ലേലക്കാരൻ അടയ്ക്കാൻ വീഴ്ച വരുത്തുന്നപക്ഷം പ്രസ്തുത തുക ഭൂനികുതി കുടിശ്ശികയായി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം ഈടാക്കുന്നതാണ്. ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് മാർഗ്ഗങ്ങളിൽ കൂടിയും ഈ തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

25. സെയിൽ കൂപ്പുകളെ സംബന്ധിച്ച എല്ലാ പൊതുനിബന്ധനകളും ഈ ദർഘാസ്/ലേലത്തിനും ബാധകമായിരിക്കും.

പി. കെ. ജയകുമാർ ശർമ്മ IFS,
ഡിവിഷണൽ ഫോറസ്റ്റാഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)

ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ
കാര്യാലയം, റാന്നി.

## കോന്നി ഡിവിഷൻ

ലേല പരസ്യം

നമ്പർ കെ.എൻ.സി6-6672/2020. 2020 ഡിസംബർ 22.

കോന്നി ഡിവിഷനിൽപ്പെട്ട കോന്നി, നടുവത്തുമൂഴി, മണ്ണാറപ്പാറ എന്നീ റെയിഞ്ചുകളിലെ വിവിധ കേസുകളിൽപ്പെട്ട തൊണ്ടിസാധനങ്ങൾ, അപകടാവസ്ഥയിൽ നിൽക്കുന്നതും കേട് വന്നിട്ടുള്ളതുമായ മരങ്ങളിൽ നിന്നും ശേഖരിക്കുന്ന ഗുണനിലവാരം ഇല്ലാത്തതും ഡിപ്പോയിൽ ഇറക്കി ലേല വില്പന നടത്തിയാൽ മതിപ്പ് വില ലഭിക്കുവാൻ കഴിയാതെ വരുന്നതുമായ തടികളും വിറകുകളും താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ അതാത് റെയിഞ്ചിന് നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 11 മണിയ്ക്ക് കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥലത്തുവച്ച് 11-12-2012-ലെ പ്രൊ(5)-26274/12 നമ്പരായി 25-12-2012-ലെ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും മറ്റ് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപായി തേക്ക്, ഈട്ടി തടികൾക്ക് ₹ 20,000, മറ്റു തടികൾക്ക് ₹ 10,000, മറ്റു വനവിഭവങ്ങൾക്ക് ₹ 2,000 ക്രമത്തിൽ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ വിളിച്ചിട്ടുള്ള തൊണ്ടിസാധനങ്ങളുടെ വില ₹ 20,000-ൽ കവിയുന്നപക്ഷം ലേലത്തുകയുടെ 35% അല്ലെങ്കിൽ ₹ 20,000 ഇതിൽ ഏതാണോ കൂടുതൽ ആയത് ലേലം കഴിഞ്ഞാലുടനെ കെട്ടിവയ്ക്കേണ്ടതാണ്. എന്നാൽ കോടതി ഉത്തരവനുസരിച്ച് കേസ് നിലവിലിരിക്കെ ലേലം ചെയ്യപ്പെടുന്ന തൊണ്ടി വസ്തുക്കളുടെ മൊത്തം വിലയും നികുതികളും ലേല ദിവസം തന്നെ പണമായി അടയ്ക്കേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന നോട്ടീസിന്റെ തീയതി മുതൽ 40 ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃത നികുതികളും മൊത്തം സംഖ്യയ്ക്ക് നിലവിൽ പ്രാബല്യത്തിലുള്ള ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായനികുതിയും ഒടുക്കി ലേലത്തിൽ പിടിച്ചിട്ടുള്ള സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തുക നിശ്ചിത കാലാവധിക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദു ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ലേലത്തിൽ പിടിച്ച സാധനങ്ങൾ ലേലക്കാരന്റെ നഷ്ടോത്തര വാദിത്വത്തിൽ വീണ്ടും ലേലം ചെയ്ത് വിൽക്കുന്നതുമായിരിക്കും. അപ്രകാരം വിൽക്കുമ്പോൾ സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ അപ്രകാരമുള്ള നഷ്ടം, പരസ്യക്കൂലി മുതലായവ വ്യവസ്ഥകൾക്ക് വിധേയമായി മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിന് മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിന് മുമ്പായി ലേലത്തിന് വച്ചിട്ടുള്ള സാധനങ്ങളുടെ നൽപ്പ് നിൽപ്പുസ്ഥിതിയും അളവുകളും മറ്റ് വിശദവിവരങ്ങളും കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ലേലത്തിനുശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു. ലേലത്തിന് ശേഷം കാലാവസ്ഥ കെടുതികൾ കാരണമോ അഗ്നി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ മുതലായ കെടുതികൾമൂലമോ തടി, വിറക്, മറ്റ് സാധനങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടത്തിനോ അളവു വ്യത്യാസത്തിനോ വനം വകുപ്പിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

ലേലവ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്നപക്ഷം ആയത് ലേലത്തിൽ പങ്കെടുക്കുന്നവരെ വായിച്ചു കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതായിരിക്കും. അതാത് കാലത്ത് ലേല വ്യവസ്ഥകളിൽ സർക്കാർ വരുത്തുന്ന ഭേദഗതികൾ നിർദ്ദിഷ്ട സമയം മുതൽ ഈ ലേലങ്ങൾക്കും ബാധകമായിരിക്കും.

പട്ടിക

| മാസം | കോന്നി റെയിഞ്ച് | നടുവത്തുമൂഴി റെയിഞ്ച് | മണ്ണാറപ്പാറ റെയിഞ്ച് |
|---|---|---|---|
| ജനുവരി | 19-1-2021 | 21-1-2021 | 27-1-2021 |
| ഫെബ്രുവരി | 9-2-2021 | 15-2-2021 | 23-2-2021 |
| മാർച്ച് | 5-3-2021 | 16-3-2021 | 24-3-2021 |
| ഏപ്രിൽ | 6-4-2021 | 20-4-2021 | 28-4-2021 |
| മേയ് | 10-5-2021 | 18-5-2021 | 26-5-2021 |
| ജൂൺ | 7-6-2021 | 15-6-2021 | 28-6-2021 |
| ജൂലൈ | 5-7-2021 | 14-7-2021 | 21-7-2021 |
| ആഗസ്റ്റ് | 2-8-2021 | 9-8-2021 | 16-8-2021 |
| സെപ്റ്റംബർ | 14-9-2021 | 22-9-2021 | 27-9-2021 |
| ഒക്ടോബർ | 11-10-2021 | 20-10-2021 | 26-10-2021 |
| നവംബർ | 15-11-2021 | 17-11-2021 | 23-11-2021 |
| ഡിസംബർ | 13-12-2021 | 15-12-2021 | 20-12-2021 |

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ച് ഓഫീസുകളിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് അന്വേഷിച്ചറിയാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം, കോന്നി.

കെ. എൻ. ശ്യാം മോഹൻലാൽ IFS,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

Gaz. No. 2/2021/DTP (Forest).

## മൂന്നാർ ഡിവിഷൻ, ദേവികുളം

ഇ-ലേല പരസ്യം

നമ്പർ ആർ.-4580/2020. 2020 ഡിസംബർ 19.

1961-ലെ കേരള വനനിയമം 61(എ) പ്രകാരം സർക്കാരിലേക്ക് മൂന്നാർ ഡിവിഷന് കീഴിൽ വിവിധ റെയിഞ്ചുകളിലായി കണ്ടുകെട്ടി നടപടിക്രമങ്ങൾ പൂർത്തീകരിച്ച വാഹനങ്ങൾ ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും 2021 ജനുവരി 13-ന് ഇ-ഓക്ഷൻ ചെയ്ത് വിൽക്കുന്നതായിരിക്കും. എം.എസ്.റ്റി.സി. കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0471-2529137 എന്ന നമ്പരിൽ ബന്ധപ്പെടുക.

പട്ടിക

| ക്രമ നമ്പർ | വാഹനത്തിന്റെ നമ്പരും ഇനവും | വാഹനത്തിന്റെ എഞ്ചിൻ നമ്പരും ചേസിസ് നമ്പരും | നിരത ദ്രവ്യം ₹ | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|---|
| 1 | KBF-1321 Petti Jeep | DH 22392<br>NC640DP8W | 1,000 | സ്റ്റാഫ് ക്വാർട്ടേഴ്സ് കോമ്പൗണ്ട്, ദേവികുളം |
| 2 | KL-07K-4064 TATA 407 | 713ZZ56T7834500003<br>52WVC10338 | 1,000 | നേര്യമംഗലം റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |
| 3 | KL-25A-242<br>Mahindra Pickup | GG-81C-36970<br>MALRC4GGA81C-24403 | 1,000 | ബോഡിമെട്ട് സെക്ഷൻ കോമ്പൗണ്ട്, ശാന്തൻപാറ |
| 4 | KRK-5175<br>LMV Goods Vehicle | KL3737/1804/2010<br>UD222012PUCC | 1,000 | നേര്യമംഗലം റെയിഞ്ച് ഓഫീസ് കോമ്പൗണ്ട് |

ലേലം ചെയ്യുന്ന വാഹനത്തിന്റെ നിരതദ്രവ്യം ലേലദിവസത്തിന്റെ തൊട്ടു തലേദിവസം വൈകിട്ട് 5 മണിക്ക് മുൻപായി അടച്ചിരിക്കണം. ഈ തുക എം.എസ്.ടി. സി.-ക്ക് ഓൺലൈൻ മുഖേന അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ വാഹനത്തിന്റെ ക്രമപ്രകാരമുള്ള ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

വാഹനങ്ങൾ ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അനുവാദത്തോട്കൂടി ഓഫീസ് സമയത്ത് പരിശോധിക്കാവുന്നതും വാഹനത്തിന്റെ ഗുണനിലവാരം കണ്ട് ബോദ്ധ്യപ്പെടാവുന്നതുമാണ്. ലേലത്തിന് ശേഷം തത്സംബന്ധമായ യാതൊരു പരാതികളും സ്വീകരിക്കുന്നതല്ല. ലേലം സംബന്ധിച്ച് വനംവകുപ്പിൽ നിലവിലുള്ള പൊതുനിയമങ്ങളും, തുടർന്ന് വരാവുന്ന നിയമങ്ങളും, മറ്റ് നിബന്ധനകളും ഈ ലേലത്തിന് ബാധകമായിരിക്കും.

വാഹനത്തിന്റെ ആർ. സി. ബുക്ക് ലഭ്യമല്ലാതായാൽ ലേലക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ഡ്യൂപ്ലിക്കേറ്റ് ആർ. സി. ബുക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഇ-ഓക്ഷൻ സംബന്ധിച്ച് MSTC പുറപ്പെടുവിച്ചിട്ടുള്ള പൊതുനിയമങ്ങളും നടപടിക്രമങ്ങളും ടി ലേലത്തിന് ബാധകമാണ്. വിജയിയായ ലേലക്കാരൻ ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവൃത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടയ്ക്കാവുന്നതാണ്.

ഇ-ഓക്ഷൻ നിബന്ധനകളിൽ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം ഏതെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പട്ടികയിൽ പറഞ്ഞിട്ടുള്ള വാഹനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്തുവാനോ മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദു ചെയ്യുന്നതിനോ ഉള്ള അധികാരം മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

മുകളിൽ പറഞ്ഞ ടി 4 വാഹനങ്ങളുടെ ലേലം ടി ദിവസം ഏതെങ്കിലും കാരണവശാൽ നടക്കാതെ വന്നാൽ (ഹർത്താൽ, ബന്ദ്, കൊറോണ തുടങ്ങിയവമൂലം) 19-1-2021, 21-1-2021 എന്നീ തീയതികളിൽ ടി ലേലം നടത്തുന്നതായിരിക്കും. ടി ലേലം സംബന്ധിച്ച അന്തിമ തീരുമാനം മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമാണ്.

ഇ-ഓക്ഷൻ സംബന്ധിച്ച വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ : dfo-mnr.for@kerala.gov.in

ഫോൺ നമ്പർ : ഡി.എഫ്.ഒ. ഓഫീസ്-04865-264237, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
മൂന്നാർ, ദേവികുളം.

## സാൻഡൽ ഡിവിഷൻ, മറയൂർ

ലേല പരസ്യം

നമ്പർ എ1-4063/2020. 2020 ഡിസംബർ 7.

2021 വർഷത്തിൽ മറയൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട മറയൂർ, കാന്തല്ലൂർ എന്നീ റെയിഞ്ചുകളിലെ വിൽപ്പന യോഗ്യമായിട്ടുള്ള തൊണ്ടി തടികൾ, വിറക്, മറ്റ് തൊണ്ടിവകകൾ എന്നിവയും വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളിൽ നിന്ന് മുറിച്ചു ശേഖരിച്ചവയും, അതാത് റെയിഞ്ചാഫീസിൽ വച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന തീയതികളിലും സമയത്തും മറയൂർ ഡിവിണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധി ആയി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതാണ്. ലേല ദിവസം ലേലത്തിൽ വയ്ക്കാൻ യോഗ്യമായ വേറെയും തൊണ്ടി സാധനങ്ങൾ ലഭ്യമായാൽ അവയും ലേല ദിവസങ്ങളിൽ ലേലം ചെയ്ത് വിൽക്കുന്നതാണ്.

തൊണ്ടിലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുൻപ് ലേലത്തിൽ വച്ചിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവുകളും മറ്റ് വിശദ വിവരങ്ങളും നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതാണ്. ലേലത്തിനുശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല. ഓരോ ലേലത്തിലും വിൽക്കാനുദ്ദേശിക്കുന്ന തടികൾ, മറ്റ് വനവിഭവങ്ങൾ മുതലായവയെപ്പറ്റിയുള്ള വിശദ വിവരങ്ങൾ അതാത് റെയിഞ്ചാഫീസിൽ നിന്നും ലേലത്തിന് മുൻപ് അറിയാവുന്നതാണ്. മുൻ ലേലത്തിൽ സ്ഥിരപ്പെടാത്ത ഏതെങ്കിലും ലോട്ടുകൾ ഉണ്ടെങ്കിൽ അവയും ലേലത്തിൽ ഉൾപ്പെടുത്തുന്നതാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 2-12-2009-ൽ പ്രൊ.5-6835/09 നമ്പരായിട്ടുള്ള 50-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലേല നിബന്ധനകളും കാലാകാലങ്ങളിൽ വനം വകുപ്പിൽ നിലവിലുള്ള മറ്റ് വ്യവസ്ഥകളും ടി ലേലത്തിന് ബാധകമായിരിക്കും. കോടതി ഉത്തരവ് പ്രകാരം വിൽപ്പനയ്ക്ക് വച്ചിട്ടുള്ള തൊണ്ടി തടികളുടെ മുഴുവൻ തുകയും വിജയിയായ ലേലക്കാരൻ ലേലദിവസം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ഈട്ടി, തേക്ക് എന്നിവ ലേലം ചെയ്യുന്നതിന് ₹ 20,000 മറ്റ് തടികൾക്ക് ₹ 10,000 മറ്റ് വനവിഭവങ്ങൾക്ക് ₹ 2,000 നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതാണ്. റെയിഞ്ചിന്റെ പേരും ലേലം തീയതികളും താഴെ പട്ടികയിൽ ചേർക്കുന്നു.

**പട്ടിക**

| മാസം | മറയൂർ റെയിഞ്ച് രാവിലെ 11 മണി | കാന്തല്ലൂർ റെയിഞ്ച് രാവിലെ 11 മണി |
|---|---|---|
| ജനുവരി | 20-1-2021 | 21-1-2021 |
| ഫെബ്രുവരി | 17-2-2021 | 18-2-2021 |
| മാർച്ച് | 17-3-2021 | 18-3-2021 |
| ഏപ്രിൽ | 21-4-2021 | 22-4-2021 |
| മേയ് | 19-5-2021 | 20-5-2021 |
| ജൂൺ | 16-6-2021 | 17-6-2021 |
| ജൂലൈ | 21-7-2021 | 22-7-2021 |
| ആഗസ്റ്റ് | 11-8-2021 | 12-8-2021 |
| സെപ്റ്റംബർ | 22-9-2021 | 23-9-2021 |
| ഒക്ടോബർ | 20-10-2021 | 21-10-2021 |
| നവംബർ | 17-11-2021 | 18-11-2021 |
| ഡിസംബർ | 22-12-2021 | 23-12-2021 |

കൂടുതൽ വിവരങ്ങൾ മറയൂർ/കാന്തല്ലൂർ റെയിഞ്ചുകളിൽ നിന്നും ലഭിക്കുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം, മറയൂർ.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.
(കേരള ഗവർണ്ണർക്കുവേണ്ടി)

## ചാലക്കുടി ഡിവിഷൻ

ദർഘാസ്/ലേല പരസ്യം

നമ്പർ സിഎ4-6854/2020. 2020 ഡിസംബർ 23.

ചാലക്കുടി ഡിവിഷനിൽപെട്ടതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ റെയിഞ്ചുകളിലെ കശുമാവിൻ തോട്ടങ്ങളിൽ നിന്നും 30-6-2021 വരെയുള്ള കാലത്തേക്ക് കശുവണ്ടി ശേഖരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന ക്യാപക്സ് ഏജൻസിക്കോ മറ്റു ഏജൻസികൾക്കോ കൊടുക്കുന്നതിനോ അല്ലെങ്കിൽ ശേഖരിച്ചു കൊണ്ടുപോകുന്നതിനോ ഉള്ള അവകാശം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ പറയുന്ന സ്ഥലത്തും സമയത്തും വച്ച് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ പരസ്യമായി ദർഘാസ്/ലേല വ്യവസ്ഥകൾ പ്രകാരം വില്പന നടത്തുന്നതാണ്.

ദർഘാസ് ഫോറങ്ങൾക്കായി ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് അപേക്ഷിക്കാവുന്നതും ആയത് പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതിവരെ ലഭിക്കുന്നതുമാണ്. നിരക്ക് രേഖപ്പെടുത്തി മുദ്രവച്ച ദർഘാസുകൾ നിരതദ്രവ്യമടക്കം പട്ടികയിൽ പറയുന്ന സമയംവരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. വിതരണം ചെയ്ത ദർഘാസുകൾ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. ദർഘാസ് സമർപ്പിച്ചിട്ടുള്ള ദർഘാസുകാരെ മാത്രം ഉൾപ്പെടുത്തി ആദ്യം ലേലം നടത്തുന്നതും തുടർന്ന് പട്ടികയിൽ പറഞ്ഞിട്ടുള്ള സമയത്ത് ലഭിച്ച എല്ലാ ദർഘാസുകളും ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതുമാണ്. ആദ്യ തീയതിയിൽ ഏതെങ്കിലും തോട്ടത്തിന്റെ ദർഘാസ്/ലേലം നടക്കാതിരിക്കുകയോ ദർഘാസ്/ലേലം കൊള്ളാൻ ആരും തയ്യാറാകാതെ വരികയോ ഏതെങ്കിലും കാരണവശാൽ ദർഘാസ്/ലേലം റദ്ദു ചെയ്യപ്പെടുകയോ ചെയ്താൽ പട്ടികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത ദിവസങ്ങളിൽ അതേ സ്ഥലത്തും സമയത്തും ദർഘാസ്/ലേലം നടത്തുന്നതാണ്.

ദർഘാസ്/ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിച്ചാൽ അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും ദർഘാസ്/ലേലം നടത്തുന്നതാണ്. വനം വകുപ്പിൽ നിലവിലുള്ള ദർഘാസ്/ലേല വ്യവസ്ഥകൾ ഈ ദർഘാസ്/ലേലത്തിനും ബാധകമാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ ബന്ധപ്പെട്ട റെയിഞ്ചാഫീസുകളിൽ നിന്നോ അറിയാവുന്നതാണ്.

**പട്ടിക-1**

റെയിഞ്ചിന്റെ പേര്—വെള്ളിക്കുളങ്ങര

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഉദ്ദേശ വിസ്തീർണ്ണം (ഹെക്ടറിൽ) | മരങ്ങളുടെ എണ്ണം | ദർഘാസ് ഫോറത്തിന്റെ വില ₹ |
|---|---|---|---|---|
| 1 | 1979 ഫെയിൽഡ് കശുമാവുതോട്ടം, ചെട്ടിക്കുളം | 54.00 | 1456 | 500 + GST |
| 2 | 1982 ചെട്ടിക്കുളം ഫ്യൂവൽവുഡ് പ്ലാന്റേഷൻ | 14.00 | 140 | 300 + GST |

**പട്ടിക-2**

റെയിഞ്ചിന്റെ പേര്—പരിയാരം

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഉദ്ദേശ വിസ്തീർണ്ണം (ഹെക്ടറിൽ) | മരങ്ങളുടെ എണ്ണം | ദർഘാസ് ഫോറത്തിന്റെ വില ₹ |
|---|---|---|---|---|
| 1 | 1982 പുല്ലുമുടി കശുമാവുതോട്ടം | 24.00 | 421 | 300 + GST |
| 2 | 1983 കൊന്നക്കുഴി കശുമാവുതോട്ടം | 16.00 | 417 | 300 + GST |
| 3 | 1983 ചക്രാണി കശുമാവുതോട്ടം | 23.48 | 401 | 300 + GST |

**പട്ടിക-3**

റെയിഞ്ചിന്റെ പേര്—പാലപ്പിള്ളി

| ക്രമ നമ്പര്‍ | തോട്ടത്തിന്റെ പേര് | ഉദ്ദേശ വിസ്തീര്‍ണ്ണം (ഹെക്ടറില്‍) | മരങ്ങളുടെ എണ്ണം | ദര്‍ഘാസ് ഫോറത്തിന്റെ വില ₹ |
|---|---|---|---|---|
| 1 | 2007 വേലൂപ്പാടം കശുമാവുതോട്ടം | 19.70 | 355 | 300 + GST |
| 2 | 2008 വേലൂപ്പാടം കശുമാവുതോട്ടം | 39.00 | 420 | 500 + GST |

**പട്ടിക-4**

| ക്രമ നമ്പര്‍ | ദര്‍ഘാസ് ഫോറം ലഭിക്കുന്ന തീയതിയും സമയവും | മുദ്രവച്ച കവറില്‍ പൂരിപ്പിച്ച ദര്‍ഘാസുകള്‍ ലഭിക്കേണ്ട അവസാന തീയതിയും സമയവും | ദര്‍ഘാസ്/ലേലം തുറക്കുന്ന/ നടത്തുന്ന തീയതിയും സമയവും |
|---|---|---|---|
| 1 | 15-1-2021 ഉച്ചയ്ക്ക് 1 മണിവരെ | 15-1-2021 ഉച്ചയ്ക്കുശേഷം 3 മണിവരെ | 15-1-2021 ഉച്ചയ്ക്കുശേഷം 3.30 മണി |
| 2 | 21-1-2021 ഉച്ചയ്ക്ക് 1 മണിവരെ | 21-1-2021 ഉച്ചയ്ക്കുശേഷം 3 മണിവരെ | 21-1-2021 ഉച്ചയ്ക്കുശേഷം 3.30 മണി |
| 3 | 27-1-2021 ഉച്ചയ്ക്ക് 1 മണിവരെ | 27-1-2021 ഉച്ചയ്ക്കുശേഷം 3 മണിവരെ | 27-1-2021 ഉച്ചയ്ക്കുശേഷം 3.30 മണി |

നിരതദ്രവ്യം—₹ 5,000 (ഓരോ തോട്ടത്തിനും).

കരാറിന്റെ കാലാവധി—ഉടമ്പടി തീയതി മുതല്‍ 30-6-2021 വരെ.

ദര്‍ഘാസ്/ലേലം നടത്തുന്ന സ്ഥലം—ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസ്, ചാലക്കുടി.

**വ്യവസ്ഥകള്‍**

1. ദര്‍ഘാസ് ഫോറങ്ങള്‍ ആവശ്യമുള്ളവര്‍/ലേലത്തില്‍ പങ്കെടുക്കാന്‍ ഉദ്ദേശിക്കുന്നവര്‍ അവരവരുടെ സ്ഥിരമായ മേല്‍വിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജാഫീസറുടെ സര്‍ട്ടിഫിക്കറ്റോ ഇലക്ഷന്‍ കമ്മീഷന്‍ നല്‍കിയിട്ടുള്ള ഐഡന്റിഫിക്കേഷന്‍ കാര്‍ഡോ സഹിതം രേഖാമൂലം ചാലക്കുടി ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസര്‍ക്ക് അപേക്ഷിക്കേണ്ടതാണ്.

2. ഓരോ തോട്ടത്തിനും ദര്‍ഘാസ് പ്രത്യേകം സമര്‍പ്പിക്കുകയും ദര്‍ഘാസിനോടൊപ്പം പ്രത്യേക നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും ആയത് പണമായി സ്വീകരിക്കുന്നതുമാണ്. വിതരണം ചെയ്ത ദര്‍ഘാസുകള്‍ കൈമാറ്റം ചെയ്യുവാന്‍ പാടുള്ളതല്ല. നിശ്ചിത സമയത്തിനുശേഷവും ആവശ്യമായ നിരതദ്രവ്യം ഒടുക്കാത്തതുമായ ദര്‍ഘാസുകള്‍ സ്വീകരിക്കുന്നതല്ല.

3. ദര്‍ഘാസുകള്‍ വച്ച ലേലക്കാരെ മാത്രം ഉള്‍പ്പെടുത്തി പട്ടികയില്‍ പറയുന്ന ദിവസങ്ങളില്‍ ലേലം നടത്തുന്നതാണ്.

4. ഏറ്റവും കൂടുതല്‍ തുകയ്ക്ക് ലേലം/ദര്‍ഘാസ് വിളിക്കുന്ന ആളുടെ പേരില്‍ ദര്‍ഘാസ്/ലേലം ഉറപ്പിക്കുന്നതാണ്. എന്നാല്‍ യാതൊരു കാരണവും കൂടാതെ ലേലം/ദര്‍ഘാസ് അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസര്‍ക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഏതെങ്കിലും തോട്ടം ലേലത്തില്‍ നിന്നും ഒഴിവാക്കുന്നതിനോ ഉള്‍പ്പെടുത്തുന്നതിനോ തോട്ടത്തിന്റെ വിസ്തീര്‍ണ്ണത്തിലോ കശുമാവ് മരങ്ങളുടെ എണ്ണത്തിനോ ഉള്ള മാറ്റമോ ലേല സമയത്ത് പ്രഖ്യാപിക്കാന്‍ ഡിവിഷണല്‍ ഫോറസ്റ്റ് ഓഫീസര്‍ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. വിജയിയായ ദര്‍ഘാസുകാരന്‍/ലേലക്കാരന്‍ ലേലം കഴിഞ്ഞാലുടനെ ലേലംകൊണ്ട തോട്ടത്തിന്റെ ഉല്‍പ്പന്നത്തിന്റെ മൊത്തം വില ₹ 20,000 (ഇരുപതിനായിരം)-ല്‍ കുറവാണെങ്കില്‍ മുഴുവന്‍ തുകയും ലേലദിവസംതന്നെ ഒടുക്കേണ്ടതാണ്. ലേലംകൊണ്ട തോട്ടത്തിന്റെ വില ₹ 20,000 (ഇരുപതിനായിരം)-ല്‍ കൂടുതലാണെങ്കില്‍ മൊത്തം ലേലത്തുകയുടെ മുപ്പത്തിയഞ്ച് ശതമാനം (35%) കുറഞ്ഞത് ₹ 20,000 (ഇരുപതിനായിരം)-വും കൂടിയത് ₹ 1,00,000 (ഒരു ലക്ഷം) എന്ന കണക്കില്‍ രൊക്കം പണമായോ, ഏതെങ്കിലും ദേശസാല്‍കൃത ബാങ്കിലെ നിഷ്കര്‍ഷിക്കപ്പെടുന്ന ശാഖയില്‍ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ ലേലദിവസം തന്നെ ഒടുക്കേണ്ടതാണ്. നിരതദ്രവ്യമായി അടച്ച തുക മേല്‍പ്പടി തുകയില്‍ ഉള്‍പ്പെടുത്തുന്നതാണ്. ദര്‍ഘാസുകാരന്/ലേലക്കാരന് അക്കൗണ്ടില്ലാത്ത മറ്റേതെങ്കിലും ബാങ്കുകളില്‍ നിന്നും ഡ്രാഫ്റ്റുകള്‍ മാറുകയാണെങ്കില്‍ അതിനുള്ള കമ്മീഷന്‍ ദര്‍ഘാസുകാരന്‍/ലേലക്കാരന്‍ നല്‍കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തില്‍ ഡ്രാഫ്റ്റ് ബാങ്കില്‍ നിന്നും നിരസിക്കപ്പെടുകയാണെങ്കില്‍ ആ ഡ്രാഫ്റ്റ് ഹാജരാക്കിയ ആളിനെ വീഴ്ചക്കാരനായി പരിഗണിച്ച് ദര്‍ഘാസ്/ലേലവ്യവസ്ഥകള്‍ അനുസരിച്ചും ക്രിമിനലായും നടപടികള്‍ സ്വീകരിക്കുന്നതായിരിക്കും.

മേൽ സൂചിപ്പിച്ച മുപ്പത്തിയഞ്ച് ശതമാനം (35%) വരുന്ന വില ഒരു ലക്ഷം രൂപയിൽ കൂടുതലായി വരികയാണെങ്കിൽ ലേല ദിവസം അടച്ച ₹ 1,00,000 (ഒരു ലക്ഷം) കിഴിച്ച് ബാക്കി വരുന്ന തുക ലേല ദിവസം കഴിഞ്ഞുള്ള ഏഴ് പ്രവൃത്തി ദിവസത്തിനകം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശിക്കുന്ന ട്രഷറിയിൽ അടച്ച് ചെലാൻ രസീത് ഹാജരാക്കേണ്ടതാണ്.

6. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി ലേലത്തുകയും നിലവിലുള്ള നിരക്കിൽ ആദായ നികുതി, സർചാർജ്ജ്, വന വികസന നികുതി, ജി. എസ്. ടി. എന്നിവയും 10 ശതമാനം വരുന്ന തുക സെക്യൂരിറ്റിയായും (കുറഞ്ഞത് ₹ 500) അടച്ച് ₹ 200-ന്റെ മുദ്രപ്പത്രത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഉടമ്പടിവയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ കാലാവധിയ്ക്കകം ബാക്കി സംഖ്യയും നികുതികളും സെക്യൂരിറ്റിയും അടയ്ക്കാൻ വീഴ്ചവരുത്തിയാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ദർഘാസ്/ലേലം നടത്തുന്നതും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിന് ആദ്യ ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയാകുന്നതും ലാഭം കിട്ടിയാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടം വരുത്തിയ തുക കുടിശ്ശികയായി പരിഗണിച്ച് നിശ്ചിത തീയതിയ്ക്കകം ഒടുക്കിയില്ലെങ്കിൽ നിലവിലുള്ള റവന്യൂ റിക്കവറി ആക്ട്അനുസരിച്ചോ യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ ടിയാനിൽ നിന്നും തുക ഈടാക്കുന്നതുമാണ്. തുക മുഴുവൻ അടയ്ക്കുകയും സെക്യൂരിറ്റി നിക്ഷേപിക്കുകയും എന്നാൽ ഉടമ്പടി വയ്ക്കുന്നതിന് സാധിക്കാതെ വരികയും ചെയ്താൽ ദിവസം ഒന്നിന് ₹ 10 വീതം പിഴ ഈടാക്കി ഉടമ്പടി വയ്ക്കുന്നതിന് 15 ദിവസം കൂടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്.

7. ലേലക്കാരൻ കേന്ദ്ര സർക്കാരിന്റെ 1975-ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായ നികുതിയും സർചാർജ്ജും കേരള സർക്കാരിന്റെ നിലവിലുള്ള നിയമപ്രകാരം 5 ശതമാനം വരുന്ന വനവികസന നികുതി, നിലവിലുള്ള നിരക്കിൽ ജി. എസ്. ടി. എന്നിവ അടയ്ക്കുവാനും സെക്യൂരിറ്റി നിക്ഷേപിച്ച് ഉടമ്പടിയിൽ ഏർപ്പെടുവാനും ബാദ്ധ്യസ്ഥനാണ്. കൂടാതെ സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന നികുതികൾ അതാതുനിരക്കിൽ അടയ്ക്കുവാൻ ലേലക്കാരൻ ബാദ്ധ്യസ്ഥനാണ്.

8. ലേലത്തിനുമുമ്പ് തോട്ടങ്ങൾ പരിശോധിച്ച് മരങ്ങളുടെ എണ്ണം, വിളവ്, തരം, മതിപ്പ് എന്നിവ സ്വയം ബോദ്ധ്യപ്പെടേണ്ടതും അതുസംബന്ധിച്ച് ലേലത്തിനുശേഷമുള്ള ഒരു പരാതിയും പരിഗണിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

9. തോട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന കശുവണ്ടി 1977-ലെ കേരള കാഷ്യൂനട്ട് മാർക്കറ്റിംഗ് ഡിസ്ട്രിബ്യൂഷൻ ഓർഡർ അനുസരിച്ച് ഗവൺമെന്റ് അപ്പോഴപ്പോൾ നിശ്ചയിക്കുന്ന വിലയ്ക്കനുസരിച്ച് കേരള മാർക്കറ്റിംഗ് ഫെഡറേഷനോ അല്ലെങ്കിൽ ഫെഡറേഷന്റെ ഏജന്റുമാർക്കോ അല്ലെങ്കിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന മറ്റ് ഏജൻസികൾക്കോ വിൽക്കേണ്ടതാണ്.

10. കശുവണ്ടി ശേഖരിച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഓരോ മാസവും 5-ാം തീയതിയോ അതിനുമുമ്പോ കരാറുകാരൻ ബന്ധപ്പെട്ട റെയിഞ്ചാഫീസർക്ക് സമർപ്പിക്കേണ്ടതും വീഴ്ചവരുത്തുന്നപക്ഷം ₹ 75 വീതം ഓരോ മാസത്തിനും പിഴ വസൂൽ ചെയ്യുന്നതുമാണ്.

11. കശുവണ്ടി ശേഖരിച്ച് സൊസൈറ്റിയിലേക്ക് കൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസറിൽനിന്നും നിയമാനുസൃതം പാസ്സ് വാങ്ങേണ്ടതാണ്.

12. മറ്റ് ബാദ്ധ്യതകൾ ഒന്നും ഇല്ലെങ്കിൽ വിൽപ്പന നികുതി, ആദായ നികുതി എന്നിവയുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ കരാറിന്റെ കാലാവധി കഴിഞ്ഞ് 4 മാസങ്ങൾക്കകം ഹാജരാക്കിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ്.

13. 9-3-1976-ലെ സർക്കാർ ഗസറ്റിൽ പരസ്യം ചെയ്തിട്ടുള്ള ജി.ഒ.(പി) 62/76/എഡി തീയതി 23-2-1976-ലെ നിയമം ഈ ദർഘാസ്/ലേലത്തിന്റെ വ്യവസ്ഥകൾ അടങ്ങുന്ന നോട്ടിഫിക്കേഷൻ വായിച്ചു മനസ്സിലാക്കി ഒപ്പിടുന്ന ഏതൊരു വ്യക്തിക്കും ബാധകമായിരിക്കുന്നതാണ്.

14. ലേലം കൊള്ളുന്ന തോട്ടങ്ങളിൽ തീ കയറി നാശനഷ്ടങ്ങൾ ഉണ്ടായാലും കേരള ഫോറസ്റ്റ് ആക്റ്റ് പ്രകാരമുള്ള മറ്റ് വന കുറ്റകൃത്യങ്ങൾ ഉണ്ടായാലും കശുമാവുകൾക്കും ചെടികൾക്കും കേടുപാടുകൾ സംഭവിച്ചാലും ദർഘാസുകാരൻ/ ലേലക്കാരൻ ഉത്തരവാദിയാകുന്നതാണ്.

15. ദർഘാസ്/ലേലത്തിന് പട്ടികയിൽ കാണിച്ചിരിക്കുന്ന കായ്ക്കുന്ന കശുമാവുകളുടെ എണ്ണം ഉദ്ദേശം മാത്രമാണ്.

16. നിയമാനുസൃതമായ പോസ്റ്റ് ഓഫറുകൾ വല്ലതും ഉണ്ടെങ്കിൽ ആയത് ദർഘാസ്/ലേലം കഴിഞ്ഞ് 7 ദിവസത്തിനകം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

(എ) ദർഘാസ്/ലേലത്തിൽ വാഗ്ദാനം ചെയ്തിട്ടുള്ള തുക ഒരു ലക്ഷത്തിൽ കൂടുതലാണെങ്കിൽ 10 ശതമാനത്തിലും ഒരു ലക്ഷമോ അതിൽ താഴെയോ ആണെങ്കിൽ 20 ശതമാനത്തിലും കൂടുതലായിട്ടുള്ള വാഗ്ദാനങ്ങളെ സ്വീകരിക്കുകയുള്ളൂ.

(ബി) ദർഘാസ്/ലേല ദിവസം പ്രസ്തുത ബ്ലോക്കിനുവേണ്ടി അടച്ചിട്ടുള്ള തുകയുടെ ഇരട്ടി ഡിമാന്റ് ഡ്രാഫ്റ്റായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ അതാതു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെ പരിധിയിൽ മാറത്തക്കവിധം അടയ്ക്കേണ്ടതാണ്.

(സി) ഇതിലേക്കായി പ്രത്യേക ഉടമ്പടി വയ്ക്കേണ്ടതാണ്.

(ഡി) മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് അനുസൃതമായി പോസ്റ്റ് ഓഫർ സമർപ്പിക്കുന്ന വ്യക്തിയുടെ അടച്ച തുക മുഴുവൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി പൊതു ദർഘാസ്/ലേലം വീണ്ടും നടത്തുന്നതാണ്. പ്രസ്തുത ദർഘാസ്/ലേലത്തിൽ ലഭിക്കുന്ന ഏറ്റവും കൂടിയ തുക, പോസ്റ്റ് ഓഫർ തുകയേക്കാൾ കുറവാണെങ്കിൽ പോസ്റ്റ് ഓഫറിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള തുകയ്ക്ക് ദർഘാസ്/ലേലം ഉറപ്പിക്കുന്നതാണ്. പോസ്റ്റ് ഓഫർ സമർപ്പിച്ച വ്യക്തി അടച്ചിട്ടുള്ള മുഴുവൻ തുകയും സർക്കാരിലേക്ക് വസൂൽ ചെയ്യുന്നതാണ്. എന്നാൽ ദർഘാസ്/ലേലത്തിൽ കിട്ടുന്ന തുകയാണ് കൂടുതലെങ്കിൽ കൂടുതൽ തുകയ്ക്ക് ദർഘാസ്/ലേലംകൊണ്ട വ്യക്തിയുടെ പേരിൽ ദർഘാസ്/ലേലം സ്ഥിരപ്പെടുത്തുന്നതും പോസ്റ്റ് ഓഫർ സമർപ്പിച്ചിട്ടുള്ള വ്യക്തി അടച്ചിട്ടുള്ള മൊത്തം തുകയും മടക്കി കൊടുക്കുന്നതുമാണ്.

17. ദർഘാസ്/ലേലം സ്ഥിരീകരണ തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ബാക്കി ദർഘാസ്/ലേലത്തുകയും മുഴുവൻ നികുതികളും അടയ്ക്കുവാനുള്ള സമയപരിധിയായി നിശ്ചയിച്ചിരിക്കുന്നു. ഈ തീയതിക്കുശേഷം പലിശയോടുകൂടിയോ പിഴ പലിശയോടുകൂടിയോ പണം ഒടുക്കുവാനുള്ള അവസരം നൽകുന്നതല്ല.

18. കശുവണ്ടി ശേഖരിക്കുമ്പോൾ കശുമാവുകൾക്കും ശിഖരങ്ങൾക്കും യാതൊരു കേടുപാടും ഉണ്ടാകാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും ഉണ്ടായാൽ ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയാകുന്നതും ആയതുമൂലം ഉണ്ടാകുന്ന നഷ്ടത്തിന് ദർഘാസുകാരൻ/ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്.

19. ദർഘാസ്/ലേലം സംബന്ധിച്ച് കൂടുതൽ വ്യവസ്ഥകൾ എന്തെങ്കിലും ചേർക്കണമെങ്കിൽ ലേല സമയത്ത് ചേർക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ ബന്ധപ്പെട്ട റെയിഞ്ചാഫീസുകളിൽ നിന്നോ അറിയാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ
കാര്യാലയം, ചാലക്കുടി.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

---

## നോർത്ത് വയനാട് ഡിവിഷൻ, മാനന്തവാടി

ലേലപ്പരസ്യം

നമ്പർ എം-143/2016. 2020 ഡിസംബർ 15.

നോർത്ത് വയനാട് ഡിവിഷനിൽപ്പെട്ട ബേഗൂർ, മാനന്തവാടി, പേര്യ എന്നീ റെയ്ഞ്ചുകളിലെ വിവിധ വനം കേസ്സുകളിൽപ്പെട്ട തൊണ്ടി സാധനങ്ങൾ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്ന തീയതികളിൽ രാവിലെ 11 മണിയ്ക്ക് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥനോ അതാത് റെയ്ഞ്ചുകളിൽവച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും ഒപ്പും സ്ഥിരമായ മേൽവിലാസവും സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കിയ സർട്ടിഫിക്കറ്റ് ലേലത്തിന് മുൻപായി ഹാജരാക്കേണ്ടതും നിരതദ്രവ്യമായി ₹ 10,000 കെട്ടിവെയ്ക്കേണ്ടതുമാണ്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, പ്രൊട്ടക്ഷന്റെ 2-12-2009-ലെ പ്രൊ (5) 6835/09-ാം നമ്പറായി 22-12-2009-ന് 250-ാം നമ്പർ കേരള ഗസറ്റിൽ പാർട്ട്-3 ലെ 669 മുതൽ 675 പേജ് വരെ പ്രസിദ്ധപ്പെടുത്തിയ ലേല നിബന്ധനകളും മറ്റു നിലവിലുള്ള നിയമങ്ങളും തൊണ്ടി ലേലത്തിന് ബാധകമായിരിക്കും. ഏതെങ്കിലും കാരണവശാൽ പ്രസിദ്ധപ്പെടുത്തിയ തീയതികളിൽ പൊതു അവധി ദിവസമായി വരികയാണെങ്കിൽ അന്നേ ദിവസത്തെ ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് നടത്തുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ബേഗൂർ, പേര്യ, മാനന്തവാടി എന്നീ ഫോറസ്റ്റ് റെയ്ഞ്ചാഫീസുകളിൽ ലഭ്യമാണ്.

ലേല തീയതി

| മാസം | ബേഗൂർ | മാനന്തവാടി | പേര്യ |
|---|---|---|---|
| ജനുവരി | 22-1-2021 | 19-1-2021 | 20-1-2021 |
| ഫെബ്രുവരി | 12-2-2021 | 8-2-2021 | 10-2-2021 |
| മാർച്ച് | 10-3-2021 | 8-3-2021 | 9-3-2021 |
| ഏപ്രിൽ | 9-4-2021 | 5-4-2021 | 7-4-2021 |
| മേയ് | 3-5-2021 | 4-5-2021 | 5-5-2021 |
| ജൂൺ | 18-6-2021 | 14-6-2021 | 16-6-2021 |
| ജൂലൈ | 14-7-2021 | 12-7-2021 | 13-7-2021 |
| ആഗസ്റ്റ് | 11-8-2021 | 9-8-2021 | 10-8-2021 |
| സെപ്റ്റംബർ | 15-9-2021 | 13-9-2021 | 14-9-2021 |
| ഒക്ടോബർ | 12-10-2021 | 7-10-2021 | 8-10-2021 |
| നവംബർ | 18-11-2021 | 15-11-2021 | 16-11-2021 |
| ഡിസംബർ | 17-12-2021 | 13-12-2021 | 15-12-2021 |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
നോർത്ത് വയനാട് ഡിവിഷൻ,
മാനന്തവാടി.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

## വൈൽഡ് ലൈഫ് ഡിവിഷൻ, സുൽത്താൻബത്തേരി

ലേലപ്പരസ്യം

No. W7-6373/2020. 2020 നവംബർ 11.

വയനാട് വൈൽഡ്‌ലൈഫ് ഡിവിഷനിലെ താഴെപറയുന്ന റെയിഞ്ചുകളിലെ വിവിധ വനം കേസുകളിൽപ്പെട്ടതും സർക്കാരിലേക്ക് കണ്ടുകെട്ടുകയോ ബഹുമാനപ്പെട്ട കോടതികളിൽ നിന്നും അനുമതി ലഭിക്കുകയോ ചെയ്തിട്ടുള്ളതുമായ തൊണ്ടി സാധനങ്ങൾ അതാത് റെയിഞ്ച് ഓഫീസുകളിൽ വെച്ച് വയനാട് വൈൽഡ്‌ലൈഫ് വാർഡനോ വൈൽഡ്‌ലൈഫ് വാർഡൻ അധികാരപ്പെടുത്തുന്ന ഗസറ്റഡ് ഉദ്യോഗസ്ഥനോ പട്ടികയിൽ പറയുന്ന തീയതികളിൽ പകൽ 3 മണിക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

**നിബന്ധനകൾ**

1. ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവർത്തി ദിവസം നിശ്ചയിച്ച സമയത്തും സ്ഥലത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.

2. താഴെ പറയുന്ന വ്യവസ്ഥകൾക്ക് പുറമെ സർക്കാർ തടി ഡിപ്പോകളിൽ അപ്പോൾ നിലവിലുള്ള മറ്റ് ലേല വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കുന്നതാണ്. ലേലത്തിൽ പങ്കുകൊള്ളുവാൻ ആഗ്രഹിക്കുന്നവർ വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതും ലേലത്തിന് മുമ്പ് നിരതദ്രവ്യമായി ₹ 5,000 കെട്ടിവെയ്ക്കേണ്ടതുമാണ്.

3. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ താൽക്കാലികമായി ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. ലേല തുക ₹ 10,000 മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലം കൊള്ളുന്ന ആൾ ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്. ₹ 10,000-ൽ കൂടുതലാണ് ലേല തുകയെങ്കിൽ ലേല തുകയുടെ മൂന്നിലൊന്നോ, പതിനായിരം രൂപയോ ഏതാണ് കൂടുതലെങ്കിൽ കൂടുതലുള്ള സംഖ്യ ലേലം കഴിഞ്ഞ ഉടനെ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ലേലം റദ്ദാക്കപ്പെടുന്നതും, കെട്ടിവെച്ച നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അവ പുനർലേലം നടത്തുന്നതും അതിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും റവന്യൂ റിക്കവറി വഴിയോ മറ്റ് ഉചിതമായ മാർഗ്ഗങ്ങളിലൂടെയോ തുക വസൂലാക്കുന്നതായിരിക്കും എന്നും പുനർലേലത്തിൽ എന്തെങ്കിലും ലാഭമുണ്ടായാൽ അതിൽ ടി ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

4. ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങളുടെ ബാക്കി തുകയും (നിബന്ധന-3) ജി. എസ്. ടി.-യും വനവികസന നികുതിയും ആദായ നികുതിയും നിലവിലുള്ള നിരക്കുകളിൽ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന ദിവസം മുതൽ മുപ്പത് ദിവസത്തിനകം സർക്കാരിലേക്ക് അടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ നിയമാനുസരണം പിഴ പലിശയും തറവാടകയും ഈടാക്കി മതിയായ കാരണങ്ങളാൽ സാധനങ്ങൾ നീക്കം ചെയ്യുവാൻ 30 ദിവസം കൂടി അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ അനുവദിക്കുന്നതാണ്. ടി സമയപരിധിക്കുള്ളിൽ പണമടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ സാധനങ്ങൾ നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ, ഗുണം കുറയുകയോ ചെയ്താൽ ആയതിന് സർക്കാർ ഒരു വിധത്തിലും ഉത്തരവാദിയാകുന്നതല്ല. മേൽ പറഞ്ഞ സമയപരിധി കഴിഞ്ഞതും നീക്കം ചെയ്യാതെ കിടക്കുന്ന സാധനങ്ങളും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ലേലം കൊണ്ടയാൾക്ക് സാധനങ്ങളുടെ മേൽ യാതൊരുവിധ അവകാശങ്ങളും ഇല്ലാത്തതുമാകുന്നു.

5. ലേല വസ്തുക്കൾ നീക്കം ചെയ്യുന്നതിന് മുമ്പ് നിയമ പ്രകാരമുള്ള ജി. എസ്. ടി., ആദായനികുതി, വനവികസന നികുതി തുടങ്ങിയവ അടയ്ക്കേണ്ടതാണ്.

6. കോടതിയിൽ നിന്നും പ്രത്യേകാനുമതി നേടി ലേലം ചെയ്യുന്ന തൊണ്ടി വസ്തുക്കളുടെ മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്.

7. ലേലത്തിൽ പങ്കെടുക്കുന്നവർ ലേല സമയത്തിന് മുമ്പായി ലേലത്തിൽ വെച്ചിരിക്കുന്ന വഹകളുടെ നിലവാരം, ഇനം, അളവ് മുതലായവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഈ വക കാര്യങ്ങൾ ബന്ധപ്പെട്ട അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻമാരിൽ നിന്നും ലഭ്യമാക്കുന്നതാണ്. ലേലം നടന്ന ശേഷം ലേലത്തിൽ കൊണ്ട വഹകളുടെ അളവിലോ, ഗുണത്തിലോ എന്തെങ്കിലും വ്യത്യാസമുള്ളതായി പരാതിപ്പെട്ടാൽ അത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

8. ലേലത്തെ കുറിച്ചുള്ള വിവരങ്ങൾ അതാത് അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻമാരിൽ നിന്നും ലഭിക്കുന്നതാണ്.

9. സർക്കാർ ഡിപ്പോയിലെ തടി ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

2021 വർഷം വിവിധ റെയിഞ്ചുകളിൽ നടത്തുന്ന തൊണ്ടിലേലം സംബന്ധിച്ച പട്ടിക

| റെയിഞ്ച് | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മേയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| സുൽത്താൻബത്തേരി | 25 | 23 | 26 | 27 | 26 | 25 | 27 | 25 | 27 | 26 | 25 | 28 |
| മുത്തങ്ങ | 27 | 24 | 29 | 28 | 27 | 28 | 28 | 26 | 28 | 27 | 26 | 29 |
| കുറിച്ച്യാട് | 28 | 25 | 30 | 29 | 28 | 29 | 29 | 27 | 29 | 28 | 29 | 30 |
| തോൽപ്പെട്ടി | 29 | 26 | 31 | 30 | 31 | 30 | 30 | 31 | 30 | 29 | 30 | 31 |

(ഒപ്പ്)

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം,
സുൽത്താൻബത്തേരി.

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ &
വൈൽഡ്‌ലൈഫ് വാർഡൻ.

Gaz. No. 2/2021/DTP (Forest).